പൈതൃകം

# സാലർജംഗ് മ്യൂസിയത്തിലെ

തിരുവിതാംകൂർ രാജാക്കന്മാരുടെ സംരക്ഷണത്തിലായിരുന്ന ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധിശേഖരത്തെപ്പറ്റി ഈയിടെയാണല്ലോ ലോകമറിഞ്ഞത്. ഒരു പക്ഷേ ലോകത്തിലെ ഏറ്റവും വലിയ സ്വകാര്യനിധിശേഖരമായിരിക്കും ഇതെന്നു കരുതപ്പെടുന്നു. ഒരു മ്യൂസിയം സജ്ജീകരിച്ച് ആ അമൂല്യവസ്തുക്കൾ പ്രദർശിപ്പിക്കണം എന്നൊരു അഭിപ്രായവും ഉയരുകയുണ്ടായി. ഭാരതത്തിലെ പല ക്ഷേത്രങ്ങളും പണ്ടുമുതലേ അളവറ്റ സമ്പത്തിന്റെ സംഭരണശാലകളായിരുന്നു. വൈദേശിക അക്രമിസംഘങ്ങൾ ഈ ക്ഷേത്രങ്ങൾ കൊള്ളയടിച്ചുകൊണ്ടുപോയ സമ്പത്തിനു കൈയും കണക്കുമില്ല. ചക്രവർത്തിമാരുടേയും രാജാക്കന്മാരുടേയും കൊട്ടാരങ്ങളിലും സ്വർണ-രത്നാദികളും അമൂല്യവസ്തുക്കളും ശേഖരിച്ചു സൂക്ഷിച്ചിരുന്നു. മുഗൾ ചക്രവർത്തിയുടെ മയൂരസിംഹാസനം നാദിർഷാ കവർന്നുകൊണ്ടുപോയി. ഒരു ടൺ സ്വർണക്കട്ടിക്കൊണ്ടു പണിതീർത്ത മൈസൂർ രാജാവിന്റെ സിംഹാസനം ഇപ്പോഴും അവശേഷിക്കുന്നു. ജീവിച്ചിരുന്ന കാലത്തു ലോകത്തിലെ ഏറ്റവും ധനികനായ വ്യക്തി എന്നറിയപ്പെട്ടിരുന്ന ഹൈദ്രാബാദിലെ നൈസാം ഏഴാമന്റെ നിധിശേഖരത്തെക്കുറിച്ചുള്ള കഥകൾ അത്ഭുതാവഹമാണ്. ചെറുനാരങ്ങാ വലുപ്പമുള്ള അമൂല്യരത്നങ്ങളാണത്രെ അദ്ദേഹം പേപ്പർ വെയ്റ്റുകളായി ഉപയോഗിച്ചിരുന്നത്! കൊട്ടാരത്തിന്റെ അറകളിൽ വലിയ വട്ടികൾ നിറയെ മുത്തുകൾ ശേഖരിച്ചു വച്ചിരുന്നു. തരംതിരിക്കാത്ത രത്നങ്ങൾ കൂനകളായി കൂട്ടിയിട്ടിരിക്കുന്നു. അതിഭീമമായ ഒരു സ്വർണനാണയ ശേഖരം കൊട്ടാരത്തിന്റെ മൂലകളിൽ പൊടിമൂടിക്കിടന്നിരുന്നു. സ്വർണക്കട്ടികൾ നിറച്ച ഭാരവണ്ടികൾ അമിത ഭാരത്താൽ ചക്രങ്ങൾ മണ്ണിൽ പൂണ്ട് ഉദ്യാനത്തിൽ കിടന്നിരുന്നു! ഇങ്ങനെ പോകുന്നു കഥകൾ.



സാലർജംഗ് മ്യൂസിയം



# അമൂല്യ ശേഖരങ്ങൾ

ഇന്ത്യയിലെ ഏറ്റവും വലിയ നാട്ടുരാജ്യമായിരുന്ന ഹൈദ്രാബാദ് ഭരിച്ചിരുന്ന നൈസാം ഏഴാമന്റെ മന്ത്രിമുഖ്യനായിരുന്ന നവാബ് മിർ യൂസഫ് അലിഖാൻ സാലർജംഗ് മൂന്നാമൻ തന്റെ വരുമാനത്തിന്റെ നല്ല പങ്കു ചെലവഴിച്ചു, മുപ്പത്തിയഞ്ചുവർഷത്തെ പരിശ്രമഫലമായി ശേഖരിച്ചവയാണു ഹൈദ്രാബാദിലെ സാലർജംഗ് മ്യൂസിയത്തിലെ പുരാവസ്തുശേഖരം. ഒരു ദശലക്ഷത്തോളം പ്രദർശന വസ്തുക്കളാണ് ഇവിടെയുള്ളത്. ഒരു വ്യക്തി തനിച്ചു ശേഖരിച്ച പുരാവസ്തുക്കളുടെ ലോക





ത്തേറ്റവും വിപുലമായ ശേഖരമാണ് ഇവിടെയുള്ളത്. ഒന്നാം ശതകം മുതലിങ്ങോട്ടു വിവിധ ജനസംസ്കാരങ്ങളുടെ അവശേഷിപ്പുകളായ അമൂല്യവസ്തുക്കളുടെ ലോകപ്രസിദ്ധമായ പ്രദർശനമാണു സാലർജംഗിലേത്. തുടക്കത്തിൽ ഇവ സാലർജംഗ് മൂന്നാമന്റെ പൂർവ്വിക കൊട്ടാരമായ 'ദിവാൻദിയോദി'യിലെ സ്വകാര്യമ്യൂസിയത്തിലായിരുന്നു പ്രദർശിപ്പിച്ചിരുന്നത്. 1961ൽ പാർലമെണ്ട് ഇറക്കിയ പ്രത്യേക വിജ്ഞാപനത്തിലൂടെ സർക്കാർ ഈ നിധിശേഖരം ഏറ്റെടുത്തു ദേശീയ മ്യൂസിയമായി പ്രഖ്യാപിച്ചു.



ശില്പങ്ങൾ, പെയിന്റിംഗുകൾ, കൊത്തുപണികൾ, ആടയാഭരണങ്ങൾ, കൈയെഴുത്തുപ്രതികൾ, മൺപാത്രങ്ങൾ, ലോഹത്തിലും തടിയിലും ആനക്കൊമ്പിലും ശിലയിലും തീർത്ത കലാരൂപങ്ങൾ, പരവതാനികൾ, ഘടികാരങ്ങൾ, ഫർണിച്ചർ എന്നിവയെല്ലാം ഈ മ്യൂസിയത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. രാജാരവിവർമയുടെ പെയിന്റിംഗുകൾ, ഔറംഗസേബിന്റെ വാൾ, ജഹാംഗീർ, നൂർജഹാൻ, ഷാജഹാൻ എന്നിവരുടെ രത്നഖചിതമായ കുഠാരങ്ങൾ, ടിപ്പുസുൽത്താന്റെ തലപ്പാവ്, സിംഹാസനം, ആമാടപ്പെട്ടി എന്നിവയും ലൂയി പതിനാലാമനും നെപ്പോളിയനും ഉപയോഗിച്ചിരുന്ന ഫർണിച്ചർ എന്നിവയെല്ലാം ഇവിടെക്കാണാം.





*'മൂടുപടമണിഞ്ഞ റെബേക്ക' എന്ന വെണ്ണക്കൽ ശില്പം*

വിവിധ വലുപ്പത്തിലുള്ള വിപുലമായ ഒരു ഖുറാൻശേഖരം ഇവിടെയുണ്ട്. മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ക്ലോക്കുകളുടെ നിര അമ്പരപ്പിക്കുന്നതാണ്. പുരാതന പൂഴി ഘടികാരം മുതൽ അത്യാധുനിക ക്ലോക്കുകൾ വരെ ഇവിടെയുണ്ട്. ഇവയിൽ ചിലവ ശരിക്കു കാണണമെങ്കിൽ മാഗ്നിഫയിംഗ് ഗ്ലാസ് ഉപയോഗിക്കേണ്ടി വരുന്നത്ര ചെറുതാണ്. സംഗീതം പൊഴിക്കുന്ന ക്ലോക്കുകളും ഓരോ മണിക്കൂറും ഇടവിട്ട് ഒരു സമയപാലകൻ പ്രത്യക്ഷപ്പെട്ടു മണി മുട്ടിയറിയിക്കുന്ന ക്ലോക്കും ഇവിടെക്കാണാം.

പ്രസിദ്ധ ഇറ്റാലിയൻ ശില്പി ബെൻസോണിയുടെ 'മൂടുപടമണിഞ്ഞ റെബേക്ക' എന്ന വെണ്ണക്കൽ ശില്പവും രണ്ടു വ്യത്യസ്ത രൂപങ്ങൾ കണ്ണാടിയിൽ പ്രതിഫലിപ്പിക്കുന്ന ഒരു ദാരു ശില്പവും ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.

**

# മാർഗം കളി ക്രൈസ്തവ രംഗകല

ഡോ.ജേക്കബ് വെള്ളിയാൻ

**കേ**രളത്തിലെ പരമ്പരാഗത ക്രൈസ്തവരംഗകലകളെപ്പറ്റി പറയുമ്പോൾ, ചരിത്രപരമായി, പോർട്ടുഗീസ് വരവിനു മുൻപും പിൻപും കണക്കാക്കി സുറിയാനിക്രിസ്ത്യാനികളുടേത്, ലത്തീൻ ക്രിസ്ത്യാനികളുടേത് എന്നു തരം തിരിക്കാവുന്നതാണ്. അതോടൊപ്പം പാരമ്പര്യകലകളെ രംഗകല, വാസ്തുശില്പം, സംഗീതം എന്നിങ്ങനെയും തിരിക്കാം.

ക്രൈസ്തവരംഗകല എന്ന നിലയിൽ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ മാർഗംകളിയും ലത്തീൻ ക്രിസ്ത്യാനികളുടെയിടയിൽ ചവിട്ടുനാടകവും ഇരുകൂട്ടർക്കും പൊതുവായി പരിചമുട്ടുകളിയും കാണാവുന്നതാണ്. ഇവിടെ പ്രതിപാദിക്കുന്നതു ക്രൈസ്തവ പാരമ്പര്യകലകളിൽ ജനാഭിമുഖ്യം നേടിയിട്ടുള്ള രംഗകലകളെപ്പറ്റിയാണ്. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിൽ നിന്നു വെള്ളവും വളവും വലിച്ചെടുത്തു വളർന്ന മാർഗംകളിയും, യൂറോപ്പിൽ നിന്നു കടമെടുത്ത നാടകപ്രസ്ഥാനത്തിന്റെ ചുവടുപിടിച്ചു രൂപം കൊണ്ട ചവിട്ടുനാടകവും വ്യത്യസ്തങ്ങളാണ്.

## മാർഗംകളി

ഭരതമുനിയുടെ നാട്ടിൽ നാട്യകലയുടെ തിരുമുറ്റത്ത് അരങ്ങേറിയ ക്രൈസ്തവ രംഗകലയാണു മാർഗംകളി. കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ ദൃശ്യകലാരൂപങ്ങൾ ക്ഷേത്ര സന്നിധാനത്തിൽ, ജന്മമെടുത്തതുപോലെ മാർഗം കളി പിറന്നതും വളർന്നതും സുറിയാനി ക്രിസ്ത്യാനികളുടെ ദേവാലയാങ്കണങ്ങളിലാണ്. ഇതിന് ഉപോദ്ബലകമായ തെളിവാണു കേരളത്തിലെ പുരാതന ക്രൈസ്തവ ദേവാലയങ്ങളോടനുബന്ധിച്ച് ഉണ്ടായിരുന്ന നാട്യശാല. ഇന്നു ജാതിമതഭേദമെന്യേ ഏറ്റവും ജനസ്വാധീനം പുലർത്തുന്ന ക്രൈസ്തവരംഗകലയാണു മാർഗംകളി. അതേപ്പറ്റി അല്പം വിശദമായി പറയട്ടെ. സൂക്ഷ്മമായി പരിശോധിച്ചാൽ, ക്നാനായ ക്രിസ്ത്യാനികളാണു മാർഗംകളിയുടെ പ്രഥമ പ്രചാരക്കരന്നു കാണാം. 'ഹാദസോ' എന്ന അഖിലേന്ത്യാ ക്രൈസ്തവരംഗകലാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 1985ൽ മാർഗംകളി ആശാന്മാരുടെയും കളിക്കാരുടെയും കളിയരങ്ങുകളുടെയും സർവേ ഡോ.ചുമ്മാർ ചൂണ്ടലും ഡോ.ജേക്കബ് വെള്ളിയാനും ചേർന്നു നടത്തിയപ്പോൾ മാർഗംകളിക്കാരിൽ 75% ക്നാനായ കത്തോലിക്കരും 25% ക്നാനായ യാക്കോബായക്കാരും ആണെന്നു കണ്ടെത്തി. സുറിയാനി പാരമ്പര്യമുള്ള ക്രൈസ്തവരുടെ സംഖ്യ കൂടുതലുള്ള സ്ഥലങ്ങളിൽ, പ്രത്യേകിച്ചു, തൃശ്ശൂർ, പാലാ എന്നിവിടങ്ങളിൽ മാർഗംകളിയുടെ വേരു കണ്ടെത്താൻ കഴിഞ്ഞില്ല എന്നു നാടൻ കലകളുടെ ഗവേഷകനായ ഡോ. ചുമ്മാർ ചൂണ്ടൽ (1984ൽ) സമർത്ഥിച്ചിട്ടുണ്ട്. മൂന്നു നാലു ദശാബ്ദം മുൻപു വരെ പള്ളിപ്പെരുന്നാളുകളുടെയും, കുടുംബങ്ങളിലെ കല്യാണാഘോഷങ്ങളുടെയും അവസരത്തിലാണു മാർഗംകളി നടത്തിപ്പോന്നിരുന്നത്.





*മാർഗംകളിസംഘം*



1984 മുതൽ സംസ്ഥാന സ്കൂൾ കലോത്സവത്തിലും തുടർന്നു കോളജ് തലത്തിലും, സി.ബി.എസ്.ഇ സ്കൂൾ മത്സരങ്ങളിലും മാർഗംകളി ഉൾപ്പെടുത്തിയതോടെ, ക്രൈസ്തവ സംസ്കാരത്തിന്റെ ആടയാഭരണങ്ങളണിഞ്ഞുള്ള മാർഗംകളി ജാതിയുടെയും സമുദായത്തിന്റെയും അതിർത്തിരേഖകളെ മറികടന്നു.

മാർഗം ചേരുക, മാർഗവാസികൾ എന്നീ പ്രയോഗങ്ങളിൽ കാണുന്ന 'മാർഗം' ക്രിസ്തുമാർഗത്തെ സൂചിപ്പിക്കുന്നതാണല്ലൊ. ക്രിസ്തുശിഷ്യനായ മാർത്തോമ്മാ പഠിപ്പിച്ച ക്രിസ്തുമാർഗത്തെ അടിസ്ഥാനമാക്കി വിരചിതമായ പാട്ടുകൾ. അവയ്ക്ക് അനുയോജ്യമായ താളവും ചുവടും കൈമുദ്രയും കൊടുത്തു സജ്ജമാക്കിയ നൃത്തമാണു മാർഗംകളി എന്ന പദം സൂചിപ്പിക്കുന്നത്.



## അവതരണരീതി

വിശുദ്ധന്റെ കഥ പറയുകയും വിശുദ്ധചിന്തകൾ ഉണർത്തുകയും ചെയ്യുന്ന ഒരു കലാരൂപമാകയാൽ മാർഗംകളിയെ ഒരു പുണ്യകലയായി കരുതിപ്പോരുന്നു.

പന്ത്രണ്ടുകളിക്കാർ, പന്ത്രണ്ടു ക്രിസ്തുശിഷ്യരെ അനുസ്മരിപ്പിച്ചുകൊണ്ടു ലോകത്തിന്റെ ദീപമായ ക്രിസ്തുവിനെ സൂചിപ്പിക്കുന്ന കത്തിച്ച വിളക്കിനു ചുറ്റും ആടിപ്പാടി കളിക്കുന്നു. മാർഗംകളി പരമ്പരാഗതമായി പുരുഷന്മാരുടെ നൃത്തമായിരുന്നു.

ഞെട്ടും വാലും ഇട്ടു മുണ്ടുടുത്തു കത്രിക പൂട്ടിട്ടു നേരിയതു തലയിൽ കെട്ടി ചുവന്ന അരക്കെട്ടുമായി 'അരയും തലയും മുറുക്കി' പുരുഷന്മാർ കളിക്കുന്നു.മാർഗംകളി താണ്ഡവ പ്രധാനമല്ല. ലാസ്യവിഭാഗത്തിൽപെടുന്നതാണ്. അതുകൊണ്ടു പെൺകുട്ടികൾക്ക് ഏറ്റം അനുയോജ്യമാണ്.

സ്കൂൾ കലോത്സവത്തിൽ ആറു കളിക്കാരും ഒരാൾ പാടാനും ഉൾപ്പെടെ ഏഴു പേരാണുള്ളത്. യൂണിവേഴ്സിറ്റി തലത്തിൽ ഒൻപതു പേർ പങ്കെടുക്കുന്നു. കൈത്താളം മാത്രമേ വാദ്യോപകരണമായി ഉപയോഗിക്കാവൂ എന്നു നിർബന്ധമുണ്ട്.



*സ്കൂൾ കലോത്സവവേദിയിൽ മാർഗംകളി*

## മാർഗംകളിയുടെ ജന്മം

മാർഗംകളിപ്പാട്ടിന്റെ കർത്താവ് ആരെന്നോ, മാർഗംകളി നൃത്തമായി അവതരിപ്പിച്ചത് എന്നു മുതലെന്നോ അറിയാൻ കഴിഞ്ഞിട്ടില്ല. മാർത്തോമ്മായുടെ നടപടികളും സെദൂഗിലെ യാക്കോബിന്റെ പ്രഭാഷണങ്ങളും അടിസ്ഥാനമാക്കി ക്നാനായ ക്രിസ്ത്യാനികൾ തങ്ങൾക്കു യോജിച്ച കഥ ഗാനരൂപത്തിലാക്കി. എല്ലാ നാടോടിപ്പാട്ടുകളുടെയും രചന ഇതുപോലെയാണല്ലൊ. കൂത്ത്, കൂടിയാട്ടം, കളരിപ്പയറ്റ് തുടങ്ങിയ കലകളുടെ ചുവടുപിടിച്ചു മാർഗംകളി രൂപം കൊണ്ടു. ഈ കളി അവർ കല്യാണത്തോടും തിരുനാളുകളോടും ചേർത്തു നടത്തിപ്പോന്നു. മാർഗംകളിപ്പാട്ടിന്റെ ഭാഷയുടെ അടിസ്ഥാനത്തിൽ തമിഴ് കലർന്ന ചില ഭാഗങ്ങൾ 16-ാം നൂറ്റാണ്ടിനു മുമ്പും ചിലത് അതിനുശേഷവും നിയതരൂപം പ്രാപിച്ചതാണെന്നു കരുതപ്പെടുന്നു.

ആഞ്ഞിലിമൂട്ടിൽ തൊമ്മൻ കത്തനാർ (1659) ഈ പാട്ടിന്റെ ടെക്സ്റ്റ് പരിഷ്കരിച്ചു എന്നു വിശ്വസിക്കപ്പെടുന്നു. രംഗപൂജയിൽ കാണുന്ന, "മെയ്ക്കണിന്ത പീലിയും മയിൽമേൽ തോന്നും മേനിയും" എന്നതു തമിഴിന്റെ സ്വാധീനമാണല്ലൊ കാണിക്കുന്നത്.

ഇതിന്റെ ഈരടികൾക്കു പ്രായേണ ദ്രാവിഡ വൃത്തബന്ധമുണ്ട്. (ഊനകാകളി, തരംഗിണി, മാവേലി എന്നീ ദ്രാവിഡ വൃത്തങ്ങൾ) പാടിഫലിപ്പിക്കേണ്ടതായതിനാൽ വൃത്തഭംഗത്തെ അത്ര കാര്യമാക്കാനില്ല. നാടോടിപ്പാട്ടുകളിൽ അധികവും, ഭാഷാപാണ്ഡിത്യമില്ലാത്തവരും എന്നാൽ, ഗാനവാസനയുള്ളവരുമായ പാമരന്മാരുടേതായിരിക്കാൻ വളരെ സാധ്യതയുണ്ടല്ലൊ.



## സംഗീതം

മാർഗംകളിപ്പാട്ടിന്റെ സംഗീതം യഹൂദ സുറിയാനി പാരമ്പര്യവുമുള്ളകളിയാശാന്മാരിൽ നിന്ന് ഉദ്ഭവിച്ച് ഒഴുകിയതാണ്. സാമൂഹികാചാരങ്ങളിലും ദേവാലയാനുഷ്ഠാനങ്ങളിലും തങ്ങളുടെ യഹൂദപാരമ്പര്യം കാത്തുസൂക്ഷിക്കുന്നവർ ഈ ഗാനരീതിയിൽ സ്വാധീനം ചെലുത്താനിടയായി എന്നു കരുതാവുന്നതാണ്.

മാർഗംകളിപ്പാട്ടു താളനിബദ്ധമാണ്-ദ്രാവിഡ താളക്രമം. എങ്കിലും സുറിയാനി ഗാനശൈലിയിൽ എപ്പോഴും ഒരേ താളം വേണമെന്നില്ല.

# പ്രവാചകസ്വരം

**റോബിൻസ് ജോൺ**
*ഒന്നാംവർഷ ബി.എ.മലയാളം*
*എസ്.ബി. കോളജ്, ചങ്ങനാശ്ശേരി*

ഇനിയുമുണ്ടാകുമോ ഒരു-
ശിവതാണ്ഡവം?
സൃഷ്ടിയുണ്ടെങ്കിലൊരു സംഹാരവും
സംഹാരമുണ്ടെങ്കിലൊരു സൃഷ്ടിയുമുണ്ടെന്നറിയുക.
സുന്ദരയക്ഷിയും രക്തയക്ഷിയും ഒന്നാകുമോ?

കാലഘടികാരം നിലയ്ക്കുന്ന സമയം
ചുവപ്പെന്റെ ഓർമയെക്കുടയുമ്പോൾ
കൊമാലയുടെ* സന്താനങ്ങളായ് ചില-
ഓനാൻമാർ** ജനിക്കുന്നു.

ചാപിള്ളയെപ്പെറ്റ ധാത്രിയെപ്പോൽ
നിർവികാരയായ് കാലഗർത്തത്തിന്നഭിമുഖമായ്
ഭൂമാതാവ് മയങ്ങുമ്പോൾ
ദുഃഖം സന്തോഷമാകുമെന്ന് ക്രിസ്തുവിന്റെ-
അരുളപ്പാടുണ്ടാകുന്നു.

കറുപ്പിന്റെ നിഗൂഢതകളിൽ
രതിസുഖം നുകരുന്നവർ
ഇനിയുമൊരു സോദോംഗൊമോറയെ-
പ്പറ്റി ചിന്തിക്കാറുണ്ടോ?

"ഭൂമിയാം അമ്മതൻ സ്തനമുണ്ട മക്കൾ
ഒടുവിലവൾക്കായ് ചരമഗീതമാലപിക്കുമ്പോൾ***
പ്രവാചക സ്വരമെന്നിലുയരുന്നു
മാനിഷാദ"!!

ഏറ്റുവാങ്ങുക, മാതൃഹൃദയം-
പിളർന്നൊലിക്കുമാ വിലാപരക്തം
കരാംഗുലികൾ ചേർത്തുണ്ടാക്കിയൊരീ-
പാനപാത്രത്തിൽ.

സ്നേഹ നിർഝരി നിലച്ചൊരാ മണ്ണിൽ നിന്നുയിർക്കുന്നു
ക്രൂശിതന്റെ മുൾക്കിരീടം
ജീവനറ്റൊരാ കഴുവിൽ പ്രണയഗീതം രചിച്ചൊരീ-
സ്നേഹഗായകൻ വീണ്ടും ജനിക്കുമോ?



* ഹുവാൻ റൂൾഫോയുടെ 'പെദ്രോപരാമയിലെ' പരേതാത്മാക്കളുടെ ദേശം.
** പഴയനിയമത്തിലെ ഓനാൻ
*** ഒ.എൻ.വിയുടെ 'ഭൂമിക്കൊരു ചരമഗീതം' കവിത അനുസ്മരിക്കുക.

സുദർശനം

# പൊറാട്ടു നാടകങ്ങൾ

**കിളിരൂർ രാധാകൃഷ്ണൻ**

**ഉത്തർപ്രദേശിൽ എവിടെ നോക്കിയാലും മായാവതിയുടെ പ്രതിമകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഒന്നോ രണ്ടോ കൊല്ലം മുൻപു തന്നെ വാർത്ത വന്നത്. ദലിതർക്ക് ഈ പ്രതിമകൾ എന്തുപകാരമാണു ചെയ്തുകൊണ്ടിരിക്കുന്നത് എന്നു വാർത്തയിലില്ല. തന്റെ കാലാവധി പൂർത്തിയാകും മുൻപു തത്രഭവതി ഇനിയെത്ര പ്രതിമകൾ സ്ഥാപിക്കുന്നമെന്നതെക്കുറിച്ചും ആർക്കും പ്രവചിക്കാനാവില്ല. ജീവിച്ചിരിക്കെ സ്വയം പ്രതിമയാവാനാവാം അവരുടെ നിയോഗം!**



ദലിത് വിഭാഗങ്ങളുടെ ഉന്നമനം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 'അഭിനവ ഝാൻസി റാണി'യാണ് ഉത്തർപ്രദേശിന്റെ മുഖ്യമന്ത്രി മായാവതി എന്നാണു വയ്പ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമായി അവർ ഈയിടെ നോയിഡയിലെ ദേശീയ ദലിത്‌വിമോചന സമുച്ചയത്തിൽ ദലിത് പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച നിരവധി നേതാക്കന്മാരുടെ പ്രതിമകൾ സ്ഥാപിച്ചു. കൂട്ടത്തിൽ ശ്രീനാരായണ ഗുരുവും ഉണ്ട്. അതു തീർച്ചയായും സന്തോഷകരമായ കാര്യം തന്നെ.

ഗുരുവിനു പുറമേ, ശ്രീബുദ്ധൻ, അംബേദ്കർ, കാൻഷിറാം തുടങ്ങി കുറേയധികം പേരുടെ പ്രതിമകളുമുണ്ട്. 18 അടിയാണ് ഓരോ പ്രതിമയുടെയും ഉയരം. പക്ഷേ, ഒരു പ്രതിമയ്ക്കു മാത്രം 28 അടി ഉയരമുണ്ട്. അതു മായാവതിയുടെ സ്വന്തം പ്രതിമയാകുന്നു!

എഴുന്നൂറുകോടി രൂപ ചിലവഴിച്ചു സ്ഥാപിച്ചിരിക്കുന്ന ഈ സമുച്ചയം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കും എന്നാണു വിദഗ്ധമതം. അതെന്തുമാകട്ടെ. പ്രതിമകളെക്കുറിച്ചാണല്ലോ പറഞ്ഞുവന്നത്. ഉത്തർപ്രദേശിൽ എവിടെ നോക്കിയാലും മായാവതിയുടെ പ്രതിമകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഒന്നോ രണ്ടോ കൊല്ലം മുൻപു തന്നെ വാർത്ത വന്നത്. ദലിതർക്ക് ഈ പ്രതിമകൾ എന്തുപകാരമാണു ചെയ്തുകൊണ്ടിരിക്കുന്നത് എന്നു വാർത്തയിലില്ല. തന്റെ കാലാവധി പൂർത്തിയാകും മുൻപു തത്രഭവതി ഇനിയെത്ര പ്രതിമകൾ സ്ഥാപിക്കുന്നമെന്നതെക്കുറിച്ചും ആർക്കും പ്രവചിക്കാനാവില്ല. ജീവിച്ചിരിക്കെ സ്വയം പ്രതിമയാവാനാവാം അവരുടെ നിയോഗം!

തമിഴ്നാട്ടിലെ സ്ഥിതിയും വ്യത്യസ്തമല്ല. ജയലളിതയമ്മയുടെ ഭരണം തുടങ്ങിയിട്ടേയുള്ളു. തൊട്ടതിനെല്ലാം തന്റെ പേര് ഇടണമെന്നതാണ് അമ്മയുടെ ഒരു പഴയ രീതി. പ്രതിമാസ്ഥാപനവും താത്പര്യം തന്നെ. കരുണാനിധി മൂപ്പരും മോശക്കാരനല്ല. മുന്നൂറ്റൻപതു കോടിയോ മറ്റോ മുടക്കിയാണല്ലോ മൂപ്പർ സ്വന്തം നിയമസഭാ മന്ദിരം പണികഴിച്ചത്. അത് ഉദ്ഘാടനം ചെയ്തു ചൂടു മാറും മുൻപ് ഇറങ്ങിപ്പോരേണ്ടി വന്നു, പാവത്തിന്. ഇപ്പോഴവിടെ ജയലളിത ആശുപത്രി നടത്തുകയാണെന്നു കേൾക്കുന്നു. നാളെയത് അനാഥമന്ദിരമാക്കിയെന്നും വരാം.

തമിഴ്സിനിമ തന്നെയാണു തമിഴർക്കു ജീവിതവും രാഷ്ട്രീയവും എല്ലാം. അതുകൊണ്ടു വില്ലനും നായകനും സദാ മല്ലിട്ടുകൊണ്ടിരിക്കും. കരുണാനിധിയുടെ സ്വജനപക്ഷപാതവും അഴിമതിയും വെളിച്ചത്തുകൊണ്ടുവരാൻ ജയലളിത ഡിഎംകെയുടെ സർവനേതാക്കന്മാരുടെയും വീടുകൾ

റെയ്ഡ് ചെയ്തുകൊണ്ടിരിക്കുന്നു. ഒരു കണക്കിന് ഇതു നല്ലകാര്യം തന്നെ. പക്ഷേ, ജനനന്മയല്ല, മറിച്ചു പാർട്ടിവൈരവും വ്യക്തിവിദ്വേഷവുമാണ് ഇതിന്റെയൊക്കെ അടിയൊഴുക്ക് എന്നതാണു വാസ്തവം.

കർഷകവീരനായ ലാലുപ്രസാദ് യാദവ് സ്വയം ഭരിച്ചപ്പോഴും പിന്നീടു ഡമ്മിയായി സ്വന്തം ഭാര്യയെ വച്ചു ഭരിച്ചപ്പോഴും ഒരുപാടു തമാശക്കഥകൾ നാം കേട്ടിരുന്നു. കന്നുകാലികൾക്കു യാത്ര ചെയ്യാൻ മാത്രം ഒരു ട്രെയിൻ അനുവദിച്ചതു ടിയാൻ റെയിൽവേ മന്ത്രിയായപ്പോഴാണെന്നും കേട്ടു. കുശാലായി നാലുംകൂട്ടി മുറുക്കി കോളാമ്പിയിൽ വെടിപ്പായി തുപ്പി പരപുച്ഛം സ്ഫുരിക്കുന്ന ചിരിയുമായി ഇപ്പോഴും ടിയാൻ അരങ്ങിലുണ്ട്. വേഷം അഴിച്ചുവച്ചിട്ടൊന്നുമില്ല.

നാലു പതിറ്റാണ്ടു വിപ്ലവപ്പാർട്ടി ഭരിച്ച ബംഗാളിനെക്കുറിച്ച് ഈയിടെ കണ്ട ചില ടിവി ദൃശ്യങ്ങൾ അവിശ്വസനീയമായിത്തോന്നി. മനുഷ്യൻ മനുഷ്യനെ വച്ചുവലിക്കുന്ന റിക്ഷാവണ്ടികൾ! വഴിയോരത്തിരുന്നു ക്ഷൗരം ചെയ്യുന്ന ബാർബർമാർ! വഴിവക്കിൽതന്നെ കുളിക്കുന്ന പൗരന്മാരും പൗരികളും! ഇനിയും വിദ്യുച്ഛക്തി എത്താത്ത എത്രയോ ഗ്രാമങ്ങൾ! ഒരൻപതുകൊല്ലം മുൻപുപോലും കേരളത്തിൽ ഇത്തരം കാഴ്ചകൾ ഉണ്ടായിരുന്നില്ല. മമതാബാനർജി മമതയോടെ പറയുന്നു കൊൽക്കത്തയെ താൻ ലണ്ടനാക്കുമെന്ന്. നമുക്കു നോക്കാം!



നാലു പതിറ്റാണ്ടു വിപ്ലവപ്പാർട്ടി ഭരിച്ച ബംഗാളിനെക്കുറിച്ച് ഈയിടെ കണ്ട ചില ടിവി ദൃശ്യങ്ങൾ അവിശ്വസനീയമായിത്തോന്നി. മനുഷ്യൻ മനുഷ്യനെ വച്ചുവലിക്കുന്ന റിക്ഷാവണ്ടികൾ! വഴിയോരത്തിരുന്നു ക്ഷൗരം ചെയ്യുന്ന ബാർബർമാർ! വഴിവക്കിൽതന്നെ കുളിക്കുന്ന പൗരന്മാരും പൗരികളും! ഇനിയും വിദ്യുച്ഛക്തി എത്താത്ത എത്രയോ ഗ്രാമങ്ങൾ! ഒരൻപതുകൊല്ലം മുൻപുപോലും കേരളത്തിൽ ഇത്തരം കാഴ്ചകൾ ഉണ്ടായിരുന്നില്ല. മമതാബാനർജി മമതയോടെ പറയുന്നു കൊൽക്കത്തയെ താൻ ലണ്ടനാക്കുമെന്ന്. നമുക്കു നോക്കാം!

ഇത്രയുമൊക്കെ പറഞ്ഞതു മറ്റെന്തെല്ലാം പോരായ്മകൾ ഉണ്ടായാലും നമ്മുടെ ഈ കൊച്ചുകേരളം ഭരിച്ചവരെല്ലാം എത്രയോ ഭേദമാണെന്ന് ഓർക്കുമ്പോളുള്ള സന്തോഷം രേഖപ്പെടുത്താനാണ്. ഓരോ മുഖ്യമന്ത്രിയും വാശിക്കു പ്രതിമ സ്ഥാപിച്ചിരുന്നെങ്കിൽ ദൈവമേ, എന്താകുമായിരുന്നു ഇത്തിരിപ്പോരം മാത്രം പോന്ന ഈ കേരളത്തിന്റെ സ്ഥിതി? ഫ്ളാറ്റുനിർമാണവും മണൽമാഫിയയുമൊക്കെ വരും മുൻപുതന്നെ ഇവിടെ മണൽക്ഷാമം അനുഭവപ്പെടുമായിരുന്നില്ലേ? നമുക്കു വഴി നടക്കാൻ വയ്യാത്ത അവസ്ഥയാകുമായിരുന്നില്ലേ? പ്രതിമകളെ കണ്ടു പേടിച്ച് എത്രയോ പേർക്കു പനി ബാധിക്കുമായിരുന്നു. ഭാഗ്യം, അതൊന്നുമുണ്ടായില്ലല്ലോ.

ഇടതും വലതും മാറിമാറി ഭരിക്കുമ്പോൾ ഇടംവലം നോക്കാതെ പ്രതിഷേധാഘോഷങ്ങൾ നടത്തി ഒരുപാടു സമയം -വിലപ്പെട്ട സമയം- നാം പാഴാക്കിയിട്ടുണ്ട്. എങ്കിലും മുൻപറഞ്ഞവരെ അപേക്ഷിച്ചു നോക്കുമ്പോൾ നാം എത്രയോ മുന്നിലാണിന്ന്. നേടിയതിനെക്കാൾ എത്രയോ ഏറെയാണു നേടാനാവാതെ പോയത് എന്ന സത്യം മറക്കാതെ തന്നെ ഉള്ള നേട്ടങ്ങളുടെ പേരിൽ നമുക്ക് ഊറ്റം കൊള്ളാം.

ഈ ചിന്താഗതി നമ്മുടെ എല്ലാ രാഷ്ട്രീയപാർട്ടികളുടെയും സാരഥികൾക്കുണ്ടായാൽ കുതിരവേഗത്തിൽ നമുക്കിനിയും പുരോഗമിക്കാൻ കഴിയും. ജറ്റ്വേഗത്തിൽ എന്നു പറയുന്നില്ല. അത് അതിമോഹമായിപ്പോകും. നമ്മുടെ നിയമസഭയിൽ ഈയിടെ നടക്കുന്നതു വെറും പൊറാട്ടു നാടകങ്ങളാണ്. നടത്തുന്നവർക്കും അഭിനയിക്കുന്നവർക്കും കാഴ്ചക്കാർക്കും ഒരുപോലെ അരോചകമായിട്ടും ഇതിങ്ങനെ ആവർത്തിക്കുന്നതു സങ്കടകരമാണ്.

'സാർ, ഈ കുട്ടി എന്നെ നുള്ളി' എന്നു പറഞ്ഞു കരയാൻ മാത്രം ബാലിശമാകരുതു നമ്മുടെ നിയമസഭാസാമാജികരുടെ മനസ്സുകൾ. അതുകണ്ടാൽ നമുക്കു ചിരിവരില്ലേ? ക്രിയാത്മകമായി ചിന്തിക്കാനും ചിന്തിപ്പിക്കാനും കഴിയുമ്പോഴാണു നിയമസഭ ജനാധിപത്യത്തിന്റെ ശ്രീകോവിലാകുന്നത്. അല്ലെങ്കിൽ അതു ജനാധിപത്യത്തിന്റെ കോൺസെൻട്രേഷൻ ക്യാമ്പായി മാറും. ജനാധിപത്യം ശ്വാസം മുട്ടി മരിക്കും. അതിനിടയാക്കാതെ ഭരണപക്ഷവും പ്രതിപക്ഷവും കൂടുതൽ ജാഗരൂകരാകണമെന്നും വാശിയോടെ ജനനന്മയ്ക്കായി മത്സരിച്ചു പരിശ്രമിക്കണമെന്നും കേരളജനത ആഗ്രഹിക്കുന്നു; ആവശ്യപ്പെടുന്നു! നിയമസഭയിലെ പൊറാട്ടു നാടകങ്ങൾ ഇനിയെങ്കിലും അവസാനിപ്പിക്കുക.

**

# കോടിയേരിയുടെ ക്ഷമയും രാജേഷിന്റെ കണ്ണീരും!



ഇരുപത്തൊന്നാം നൂറ്റാണ്ടിലെ രണ്ട് അദ്ഭുതങ്ങൾക്കാണു കേരളജനത, അല്ല ലോകജനത തൊട്ടടുത്തടുത്ത ദിവസങ്ങളിൽ സാക്ഷ്യം വഹിച്ചത്. ഒന്ന് ഒരാളുടെ ക്ഷമാപണവും മറ്റൊന്നു മറ്റൊരാളുടെ പൊട്ടിക്കരച്ചിലുമായിരുന്നു. ക്ഷമ പറഞ്ഞതും പൊട്ടിക്കരഞ്ഞു നിലവിളിച്ചതും കണ്ട അണ്ടനും അടകോടനും ചെമ്മാനും സിനിമാനടിയുമൊക്കെ ആയിരുന്നെങ്കിൽ, ആ പോട്ടെ പുല്ല് എന്നുപറഞ്ഞു മുഖം തിരിക്കാമായിരുന്നു. ഇതങ്ങനെയല്ല. ചരിത്രത്തിന്റെ താളുകൾ പുറകോട്ടു മറിച്ചുനോക്കിയാൽ ഈ മാതിരി സംഭവങ്ങൾ കണ്ടെത്താൻ കഴിയില്ല. വെറുതെ കൈകഴയ്ക്കാമെന്നു മാത്രം. അപ്പോൾ ഈ 'ക്ഷമാപണവും കരച്ചിലും' വരും തലമുറയുടെ അറിവിലേക്കായി കാത്തുവയ്ക്കേണ്ടവ തന്നെ. ചോരച്ചാലുകൾ നീന്തിക്കയറിയ, അല്ല ചോരച്ചാലുകളിൽ നീന്തിത്തുടിച്ചു തിമിർത്തുകൊണ്ടിരിക്കുന്ന വിപ്ലവപ്രസ്ഥാനത്തിന്റെ യുവജനസംഘമായ ഡിഫിയുടെ നേതാവും നിയമസഭയിലെ കന്നിക്കാരനുമായ സഖാവ് ടി.വി. രാജേഷ് നെറ്റിയിലും നെഞ്ചത്തും മാറിമാറി സ്വയം പ്രഹരിച്ചുകൊണ്ടു പൊട്ടിക്കരഞ്ഞതാണു ജനം കണ്ട രണ്ട് അദ്ഭുതങ്ങളിൽ ആദ്യത്തേത്. എനിക്ക് അച്ഛനുണ്ട്, അമ്മയുണ്ട്, ഭാര്യയുണ്ട്, കുടുംബമുണ്ട് എന്നായിരുന്നു അലമുറ.

ഇതൊക്കെയുള്ളത് ഒരു കുറ്റമാണോ? കമ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ സ്രഷ്ടാവു കാറൽ മാർക്സിനുണ്ടായിരുന്നല്ലോ അച്ഛനും അമ്മയും ജെന്നി വോൺ വെസ്റ്റ്ഫാലൻ എന്ന ഭാര്യയും കുറെ കുട്ടികളും. അപ്പോൾ കമ്യൂണിസ്റ്റു സിദ്ധാന്തങ്ങൾ അനുസരിച്ചും അച്ഛനുണ്ടാകുക, അമ്മയും ഭാര്യയും കുട്ടികളുമുണ്ടാകുക തുടങ്ങിയവയൊന്നും ഒരു കുറ്റമേ അല്ല. പിന്നെ രാജേഷ് എന്തിനാണു പൊട്ടിക്കരഞ്ഞത്? വനിതാ പോലീസ്, വനിതാ വാച്ച് ആന്റ് വാർഡ് എന്നിവരെ കാണുമ്പോൾ അമ്മയും അച്ഛനും ഭാര്യയുമൊക്കെ ഉള്ള ആളാണു താനെന്ന കാര്യം മറന്നുപോകുന്ന രോഗമാണത്രെ ടി.വി. രാജേഷിനെ കരയിച്ചതെന്നാണു ചില ദോഷൈകദൃക്കുകളുടെ നിരീക്ഷണം.

വാവിട്ട വാക്കും കൈവിട്ട ആയുധവും തിരിച്ചെടുക്കാൻ കഴിയില്ലെന്നാണു പ്രമാണം. പ്രത്യേകിച്ചും കമ്യൂണിസ്റ്റുകാരന്റെ വായിൽ നിന്നുപോയ വാക്ക്. എന്നാൽ, അതു തിരുത്തിക്കുറിച്ചിരിക്കുകയാണു കോടിയേരി. അദ്ദേഹം തന്റെ വാക്കു തിരിച്ചെടുത്തു എന്നു മാത്രമല്ല, ക്ഷമയും പറഞ്ഞു. അതും നിയമസഭയിൽ, ബദ്ധവൈരി ഉമ്മൻചാണ്ടിയോട്.

ഇതാണു പറയുന്നതു ഭൂമിയിൽ ഒരു കൃമിക്കുപോലും അതിന്റേതായ നിയോഗമുണ്ടെന്ന്. മിഖായേൽ ഗോർബച്ചോവെന്ന മുൻ കമ്യൂണിസ്റ്റു നേതാവിനുമുണ്ടായിരുന്നു ഒരു നിയോഗം. അതു കമ്യൂണിസത്തെ പൊളിച്ചടുക്കി സോവിയറ്റ് യൂണിയൻ എന്ന വാഗ്ദത്ത ഭൂമിയെ തുണ്ടുതുണ്ടാക്കുക എന്നതായിരുന്നു.

തെറ്റു പറ്റാത്തവരും ക്ഷമചോദിക്കേണ്ടി വരാത്തവരുമാണു കമ്യൂണിസ്റ്റുകൾ എന്ന 'സ്വയംവയ്പി'നാണു കോടിയേരി അന്ത്യം കുറിച്ചത്. കാലം ഒളിപ്പിച്ചുവച്ചിരിക്കുന്ന പുതിയ അദ്ഭുതങ്ങൾക്കായി നമുക്കു ക്ഷമയോടെ കാത്തിരിക്കാം. അതുവരെയും പൊട്ടിച്ചിരിച്ചുകൊണ്ടുള്ള നമസ്കാരം!

**

**മൊഴിയും മറുമൊഴിയും**

വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി കൊടുത്തയച്ച ആപ്പിൾ ഐ പാഡ് പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ തിരിച്ചയച്ചു.

**** ആവശ്യം അറിഞ്ഞുവേണം ആർക്കെങ്കിലും എന്തെങ്കിലും കൊടുക്കാൻ. സ്ലേറ്റും കല്ലുപെൻസിലുമായിരുന്നെങ്കിൽ അച്യുതാനന്ദനു പ്രയോജനപ്പെട്ടേനേം കുഞ്ഞാലിക്കുട്ടി സായ്‌വേ....!***



# നളദമയന്തിമാർ വനത്തിൽ

**സവ്യസാചി**

## നളചരിതം 4

**അ**ങ്ങനെയിരിക്കെ ഒരു ദിവസം രണ്ടു പക്ഷികൾ താഴെ മണ്ണിൽ ചിക്കി നടക്കുന്നതു കണ്ട നളൻ അവയെ പിടിച്ചാൽ ഒരു നേരത്തെ ഭക്ഷണമാകുമല്ലോ എന്നു കരുതി ഉടുത്തിരുന്ന തുണി പറിച്ചു പക്ഷികൾക്കു മീതെ വീശി. പെട്ടെന്നു പക്ഷികൾ ശക്തിയോടെ പറന്നുയർന്നപ്പോൾ വസ്ത്രവും അവരുടെ കൈവശമായി. പറന്നു പോകുന്നതിനിടയിൽ അവർ വിളിച്ചു പറഞ്ഞു:

നളമഹാരാജാവേ, ഞങ്ങൾ പക്ഷികളല്ല. അക്ഷങ്ങളിൽ കുടിയിരുന്ന കലിദ്വാപരന്മാരാണു ഞങ്ങൾ. നീ ഏകവസ്ത്രനായി പോകുന്നതു കണ്ടപ്പോൾ അതുകൂടി തട്ടിയെടുക്കണമെന്നു കരുതി ഞങ്ങൾ വന്നതാണ്. കാട്ടിലെന്തിനു നിനക്കു വസ്ത്രം! ഇങ്ങനെ പരിഹസിച്ചുകൊണ്ട് അവർ പറന്നുപോയി.

ദിഗംബരനായി നിന്ന നളൻ അപ്പോൾ ദമയന്തിയോടു പറഞ്ഞു: അവരാണ് എന്നെ ചതിച്ചത്. നിന്നെ ദേവന്മാർക്കു കൊടുക്കാതെ ഞാൻ വിവാഹം ചെയ്തതിൽ പക പൂണ്ടു വന്ന കലിയും കൂട്ടുകാരൻ ദ്വാപരനും. രണ്ടും ദുഷ്ടമൂർത്തികളാണ്.

ദമയന്തീ, ഇപ്പോൾ എനിക്കൊന്നുമില്ല. എന്നെയും നിന്നെയും ഞാനിനി എങ്ങനെ രക്ഷിക്കും? നീയൊരു കാര്യം ചെയ്യ്. വിദർഭരാജ്യത്തേക്കു പോകാനുള്ള കാട്ടുവഴിയാണ് ആ കാണുന്നത്. അന്യരാജ്യങ്ങളിൽ ചെന്നു കച്ചവടം ചെയ്യുന്ന വ്യാപാരികൾ ഇതുവഴി കൂട്ടംകൂട്ടമായി പോകുന്നതു കാണുക. നീയും അവരോടൊപ്പം പോയി വിദർഭത്തിലെത്തി അച്ഛനമ്മമാരോടൊപ്പം കൊട്ടാരത്തിൽ സുഖമായി വസിക്കുക. ഈ കഷ്ടകാലം മാറി എന്നെങ്കിലും ദേവകൾ നമ്മെ അനുഗ്രഹിക്കാതിരിക്കില്ല. അന്നു ഞാൻ വന്നു നിന്നെ കൂട്ടിക്കൊണ്ടു പോരാം.

ഇതു കേട്ടു മനസ്സു തകർന്ന ദമയന്തി ദുസ്സഹമായ വേദനയോടെ പറഞ്ഞു: ഇല്ല പ്രഭോ, ഒരിക്കലുമില്ല. ഈയവസ്ഥയിൽ അങ്ങയെ കാട്ടിൽ ഒറ്റയ്ക്കാക്കി ഞാൻ പിതൃരാജ്യത്തേക്കു മടങ്ങുകയില്ല. കാട്ടിൽ അങ്ങു തളർന്നുറങ്ങുമ്പോൾ അങ്ങേക്കു കാവലിരിക്കാൻ ആരാണുള്ളത്? ഏതു ദുഃഖത്തിലും ഭാര്യയെപ്പോലെ മറ്റൊരൗഷധമില്ലെന്നല്ലേ വൈദ്യവിജ്ഞാനികൾ പറയുന്നത്. അതുകൊണ്ടു ഞാൻ അങ്ങയെ വിട്ട് എങ്ങോട്ടും പോകില്ല. അങ്ങയുടെ എല്ലാ സുഖദുഃഖങ്ങളിലും പങ്കുചേരാൻ എനിക്കു കടമയുണ്ട്.

ദമയന്തീ, നീ പറഞ്ഞതു പൂർണമായും ശരിയാണ്. ആപത്തുകാലത്തു പുരുഷനു ഭാര്യയെക്കാൾ വലിയൊരാശ്വാസം വേറെയില്ല. നിന്നെ ഉപേക്ഷിച്ചുപോകാൻ എനിക്കൊരിക്കലും ആവില്ല. നീയെങ്കിലും രക്ഷപെട്ടുകൊള്ളട്ടെ എന്നു കരുതി പറഞ്ഞതാണ്. എന്നെ ഉപേക്ഷിച്ചാലും പ്രിയേ, നിന്നെ എനിക്കുപേക്ഷിക്കാനാവില്ല.

അപ്പോൾ ദമയന്തി പിന്നെയും തൊണ്ടയിടറി പറഞ്ഞു: എങ്കിൽ പിന്നെയെന്തിനാണ് അങ്ങെനിക്കു വിദർഭത്തിലേക്കുള്ള വഴി പറഞ്ഞു തന്നത്? അങ്ങെന്നെ ഒരിക്കലും വിട്ടുപോകില്ല എന്നെനിക്കറിയാം. പക്ഷേ, ഇത്രയും ആപത്തിൽ ബുദ്ധി മങ്ങി അങ്ങു ചിലപ്പോൾ എന്നെപ്പോലും മറന്നു പോയെന്നും വരാം.

മരിച്ചാലും പ്രിയപ്പെട്ടവളേ, എനിക്കു നിന്നെ ത്യജിക്കാൻ കഴിയില്ല. പക്ഷേ, ബന്ധുക്കളുടെ അടുത്തെത്തിയാൽ നിനക്കെങ്കിലും സുഖമായി കഴിയാമല്ലോ. ഞാൻ വരുത്തിവച്ച ദുഃഖം ഞാൻ തന്നെ അനുഭവിച്ചു തീർക്കട്ടെ.

എങ്കിൽ ഒരു കാര്യം ചെയ്യാം -ദമയന്തി പറഞ്ഞു. നമുക്കു രണ്ടുപേർക്കും കൂടി വിദർഭത്തിലേക്കു പോകാം. അങ്ങയെ തീർച്ചയായും എന്റെ അച്ഛൻ സ്നേഹപൂർവം സ്വീകരിക്കും. നമുക്കവിടെ സന്തോഷമായി കഴിയാം.

ഇല്ല ദമയന്തീ, ഈ കഷ്ടസ്ഥിതിയിൽ ഞാനങ്ങോട്ടു പോകില്ല. നിന്റെ പിതാവ് ഉദാരമതിയാണ്. സ്നേഹം നിറഞ്ഞവനാണ്.പക്ഷേ, അദ്ദേഹത്തിന്റെ മകളെ ആർഭാടപൂർവം കൈപിടിച്ചുകൊണ്ടു പോന്ന ഞാൻ, ഇപ്പോൾ അവൾക്കു കഷ്ടകാലം വരുത്തിവച്ചിട്ട് എങ്ങനെയാണ് അദ്ദേഹത്തിന്റെ അടുത്തേക്കു ചെല്ലുക? വയ്യ ദമയന്തീ, എനിക്കു വയ്യ-നളൻ തീർത്തു പറഞ്ഞു.

**ദമയന്തി വിലപിച്ചു:**

*നൂനം ജന്മാന്തരകൃതം*
*പാപമാപതിതം മഹത്*
*അപശ്ചിമാമിമാം കഷ്ടാ-*
*മാപദം പ്രാപ്തവത്യഹം*

(ഞാൻ കഴിഞ്ഞ ജന്മത്തിൽ ചെയ്ത പാപത്തിന്റെ ഫലമാണിത്. ആർക്കും തടയാനാവാത്ത കഷ്ടപ്പാടിലാണു ഞാൻ പെട്ടുപോയിരിക്കുന്നത്.)



**അപ്പോൾ ദമയന്തി പിന്നെയും തൊണ്ടയിടറി പറഞ്ഞു: എങ്കിൽ പിന്നെയെന്തിനാണ് അങ്ങെനിക്കു വിദർഭത്തിലേക്കുള്ള വഴി പറഞ്ഞുതന്നത്? അങ്ങെന്നെ ഒരിക്കലും വിട്ടുപോകില്ല എന്നെനിക്കറിയാം. പക്ഷേ, ഇത്രയും ആപത്തിൽ ബുദ്ധി മങ്ങി അങ്ങു ചിലപ്പോൾ എന്നെപ്പോലും മറന്നു പോയെന്നും വരാം.**

രണ്ടുപേരും പറഞ്ഞും കരഞ്ഞും വിശന്നും ദാഹിച്ചും ചുറ്റി നടക്കുന്നതിനിടയിൽ ഒരു വഴിയമ്പലം കണ്ട് അവിടെ കയറിയിരുന്നു. വല്ലാതെ തളർന്നു വിവശയായ ദമയന്തി പെട്ടെന്നു മയങ്ങിപ്പോയി. മനസ്സു വല്ലാതെ അസ്വസ്ഥമായിരുന്നതു കൊണ്ടു നളന് ഉറങ്ങാൻ കഴിഞ്ഞില്ല. എന്താണു ചെയ്യേണ്ടത്? ഇവളെ ഉപേക്ഷിച്ചു പോകണോ? അല്ലെങ്കിൽ സ്വയം മരണം വരിക്കണോ? നളൻ തന്നോടുതന്നെ ചോദിച്ചു, എന്നോടുള്ള സ്നേഹം കൊണ്ടു പാവം എന്നെ വിട്ടുപോകില്ലെന്നു ശാഠ്യം പിടിക്കുകയാണ്. ഇപ്പോൾ ഞാൻ ഇവളെ ഇവിടെയാക്കി എങ്ങോട്ടെങ്കിലും പോയാൽ ഒരു പക്ഷേ, എങ്ങനെയെങ്കിലും നാട്ടിൽ ചെന്നെത്തി സുഖമായി കഴിഞ്ഞെന്നു വരാം. നളൻ സ്വയം ആശ്വസിച്ചു. പെട്ടെന്നൊരു മറുചോദ്യം ഉള്ളിലുയർന്നു. പാവം വല്ല കടുംകൈയും ചെയ്തെങ്കിലോ? ഇല്ല, അങ്ങനെയൊന്നും സംഭവിക്കില്ല- അദ്ദേഹം സ്വയം ആശ്വസിപ്പിച്ചു.

ഞാനൊപ്പമുണ്ടെങ്കിൽ കരഞ്ഞും തളർന്നും എന്നോടൊപ്പം കഷ്ടപ്പെടുകയേയുള്ളു. വിട്ടുപോകുന്നതു തന്നെയാണു നല്ലത്. പിന്നെ മറ്റാർക്കും ഇവളെ അപമാനിക്കാൻ കഴിയില്ല. അത്രയ്ക്കു തേജസ്വിനിയാണ് എന്റെ പ്രിയപത്നി. പതിവ്രതയാണ്. ആർക്കും കീഴടക്കാനാവാത്ത ആത്മബലമുണ്ട്. അതുകൊണ്ടു ഞാൻ പോകുന്നതാണിവൾക്കു നല്ലത്.

*(തുടരും)*



# ഇനം ഇനത്തിൽ ചേരും



യാജ്ഞവല്ക്യൻ എന്നൊരു മാമുനി ഗംഗാനദിയുടെ തീരത്തു താമസിച്ചിരുന്നു. ഒരു ദിവസം അദ്ദേഹം സന്ധ്യാവന്ദനത്തിനായി നദിയിലിറങ്ങി, കൈത്തലം മലർത്തിപ്പിടിച്ചു ധ്യാനിച്ചു നില്ക്കുമ്പോൾ അദ്ദേഹത്തിന്റെ കൈകളിലേക്ക് ഒരു എലിക്കുഞ്ഞു വീണു, ഒരു പെണ്ണെലി. ഒരു പരുന്തു റാഞ്ചിയെടുത്തു പറക്കുമ്പോൾ പിടിവിട്ടു താഴേക്കു പതിച്ചതാണ്.

മുനി എലിയെ വളർത്താൻ തീരുമാനിച്ചു; എലിയായിട്ടല്ല. അദ്ദേഹം തന്റെ തപസിന്റെ ശക്തിയാൽ എലിയെ ഒരു മനുഷ്യക്കുഞ്ഞാക്കി; സുന്ദരിയായൊരു പെൺകിടാവ്. മാമുനി കുട്ടിയുമായി ആശ്രമത്തിലെത്തി; കുട്ടിയെ ഭാര്യയെ ഏല്പിച്ചിട്ടു പറഞ്ഞു:

“പ്രിയേ, ഇതാ ഒരു ഓമന. ഇവളെ നമുക്കു വളർത്താം. നമുക്കു മക്കളില്ലാത്ത കുറവും തീരുമല്ലോ.”

മുനിപത്നി സന്തോഷത്തോടെ കുഞ്ഞിനെ സ്വീകരിച്ചു വളർത്തി. പെൺകുട്ടി വളർന്നു യുവതിയായി. തന്റെ മകളെ യോഗ്യനായ ഒരു പുരുഷനെ ഏല്പിക്കണം. ഏഴു ഗുണങ്ങൾ തികഞ്ഞ ഒരു യുവാവിനെ വേണം. തറവാട്, ബന്ധുബലം, വിദ്യ, സൗന്ദര്യം, പണം, പ്രായം, സ്വഭാവം എന്നിവയൊക്കെ ഒത്തുവരണം.

മാമുനിയുടെ മനസ്സിൽ സൂര്യഭഗവാന്റെ രൂപമാണു തെളിഞ്ഞത്. അദ്ദേഹം ഉടനെ തപോബലത്താൽ സൂര്യനെ മുന്നിൽ വരുത്തി. അദ്ദേഹം മകളോടു ചോദിച്ചു. “സപ്തഗുണങ്ങളും തികഞ്ഞവനാണീ സൂര്യൻ. ഇവനാണു നിനക്കനുയോജ്യൻ.” ഉടനെ അവൾ പറഞ്ഞു:

“അയ്യോ; ഈ മനുഷ്യന്റെ ആകാശം ദഹിപ്പിക്കുന്ന ചൂട് എങ്ങനെ സഹിക്കും? എനിക്കു മറ്റൊരു പുരുഷനെ മതി.”

മുനി പിന്നെയും ആലോചിച്ചു.

“സൂര്യനെക്കാൾ കേമൻ ആരാണ്? മേഘം, സൂര്യനെയും മറയ്ക്കുന്ന മേഘം!” ഉടനെ അദ്ദേഹം മേഘത്തെ മുന്നിൽ വരുത്തി. പക്ഷേ, മകൾക്കു മേഘത്തെയും ഇഷ്ടപ്പെട്ടില്ല. അവൾ പറഞ്ഞു:

“ഈ കറുകറുമ്പനെ എനിക്കുവേണ്ട.” മാമുനി ചിന്തയിലാണ്ടു. ഇനിയും ആരാ സപ്തഗുണങ്ങളും തികഞ്ഞവൻ? ഓ, വായുദേവൻ! കൊള്ളാം അദ്ദേഹം മനസ്സിൽ നിനച്ചു. ഉടനെ തന്നെ അദ്ദേഹം വായുദേവനെ മുന്നിലെത്തിച്ചു. വായുദേവനും അവൾക്കു സ്വീകാര്യനായില്ല. “എപ്പോഴും ഇളകിയാടി നടക്കുന്ന ഈ മനുഷ്യനെ എനിക്കുവേണ്ട.” അവൾ തീർത്തുപറഞ്ഞു. വായുദേവനെക്കാൾ യോഗ്യൻ ആരുണ്ട്? മാമുനി വായുദേവനോടുതന്നെ ചോദിച്ചു. വായുദേവൻ പറഞ്ഞു: “ആഞ്ഞടിച്ചു പറന്നുചെല്ലുമ്പോൾ എന്നെ തടഞ്ഞുനിറുത്തുന്ന പർവ്വതത്തോട് അങ്ങു ചോദിക്കൂ.”

മാമുനി ധ്യാനിച്ചു പർവ്വതത്തെ വരുത്തി. പക്ഷേ, മകൾക്കു പർവതത്തെയും പിടിച്ചില്ല. അവൾ പറഞ്ഞു: “ഈ അനങ്ങാപ്പാറ, മഹാ കടുപ്പക്കാരനെ എനിക്കുവേണ്ട.”എന്നാലിനി ആരാ? മുനി മലയോടുതന്നെ ചോദിച്ചു. മാമല പറഞ്ഞു. “എന്റെ കഠിനമായ പാറക്കെട്ടുകൾ പോലും തുരക്കുന്നൊരു കൂട്ടരുണ്ട്. എലികൾ! അവരെ സമീപിച്ചു നോക്കൂ.”

മാമുനി ധ്യാനിച്ച് എലികളുടെ രാജാവിനെ മുന്നിലെത്തിച്ചു. തന്റെ തന്നെ ജാതിയിൽപെട്ട ഒരുത്തനെ കണ്ടപ്പോൾ മാമുനിയുടെ മകൾക്കു സന്തോഷമായി. അവൾ പറഞ്ഞു: “അച്ഛാ എന്നെ ഒരു എലിപ്പെണ്ണാക്കി ഇദ്ദേഹത്തിനു വിവാഹം ചെയ്തു കൊടുക്കൂ. ഞങ്ങൾ സന്തോഷത്തോടെ ഈ മലയുടെ മാളത്തിൽ കഴിഞ്ഞോളാം.”

മാമുനി ഉടനെ തന്റെ തപസിന്റെ ശക്തിയാൽ മകളെ വീണ്ടും എലിപ്പെണ്ണാക്കി എലിരാജാവിനു വിവാഹം ചെയ്തു കൊടുത്തു.

*‘മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായി’ എന്ന ചൊല്ലുണ്ടായതിങ്ങനെയാണ്.*

സിപ്പിയങ്കിളും കുട്ട്യോളും

# ഗാന്ധാരിയമ്മയുടെ കണ്ണുനീർ

*പ്രിയ കൂട്ടുകാരേ,*

**അ**മ്മയ്ക്കു മക്കളോടുള്ള വാത്സല്യത്തിന് അതിരില്ല. കൊട്ടാരത്തിലെ അമ്മ മഹാറാണിക്കും തെരുവിൽ കൈകൊട്ടി ജീവിക്കുന്ന യാചകിയമ്മയ്ക്കും മക്കളെന്നുവച്ചാൽ ജീവനാണ്. 'കാക്കയ്ക്കും തൻ കുഞ്ഞു പൊൻകുഞ്ഞ്' എന്ന പഴഞ്ചൊല്ലിലും ഈ സത്യമാണ് അടങ്ങിയിട്ടുള്ളത്. ഏതു തരത്തിലുള്ള മക്കളായാലും അവർ നന്മയുടെ നിറകുടങ്ങളായി വളരണമെന്നാണ് ഏതൊരമ്മയുടെയും ആഗ്രഹം.

*"നല്ലതു നല്ലതു ചൊല്ലി നമ്മെ*
*നല്ലവരാക്കുന്നതമ്മയല്ലൊ.*
*അമ്മിഞ്ഞപ്പാലമൃതൂട്ടി നമ്മെ*
*ഉമ്മവയ്ക്കുന്നതുമമ്മയല്ലൊ.*
*നെഞ്ചിലെ ചൂടു പകർന്നു നമ്മെ*
*കൊഞ്ചിച്ചുറക്കുന്നതമ്മയല്ലൊ.*
*അമ്പിളി മാമനെ കാട്ടി നമ്മെ*
*ചോറൂട്ടിപ്പോറ്റുന്നതമ്മയല്ലൊ."*- എന്ന കവിതാശകലത്തിലും മാതൃവാത്സല്യമാണു നിറഞ്ഞുതുളുമ്പുന്നത്. കള്ളനോ കള്ളുകുടിയനോ ആയാലും തന്റെ മകൻ തുലഞ്ഞുപോകണമെന്ന് ഒരമ്മയും ആഗ്രഹിക്കുകയില്ല. എന്നാൽ, അമ്മമാരോടു നിന്ദ്യമായി പെരുമാറുന്ന മക്കൾ ഇന്നു ധാരാളമാണ്. ഐശ്വര്യത്തോടെ സ്വന്തം കുടുംബങ്ങളിൽ കഴിയേണ്ട പല അമ്മമാരും ഇപ്പോൾ വൃദ്ധമന്ദിരങ്ങളിൽ കഴിഞ്ഞുകൂടുകയാണ്. അതു മാത്രമോ? അമ്മമാരെ കാലിക്കൂട്ടിൽ തള്ളുന്നവരും പട്ടിക്കൂട്ടിൽ അടയ്ക്കുന്നവരും ഇന്നു ധാരാളമാണ്.

തൃശൂരിലെ ആറാട്ടുപുഴയിൽ കുറിഞ്ചി എന്നു പേരുള്ള എഴുപത്തഞ്ചുവയസ്സുകാരി അമ്മയെ ഒരു മകൻ മർദ്ദിച്ചവശയാക്കി ചോർന്നൊലിക്കുന്ന മുറിയിലടച്ചിട്ട വാർത്ത പത്രങ്ങളിൽ വരികയുണ്ടായി. വിവരമറിഞ്ഞു പോലീസുകാർ വീട്ടിലെത്തി. ആ മകനെ ചോദ്യം ചെയ്യാൻ കൊണ്ടുപോകുമ്പോൾ കുറിഞ്ചിയമ്മ അവരെ നോക്കി നിറമിഴിയോടെ പറഞ്ഞു: "സാറന്മാരേ, അവനെ ഒന്നും ചെയ്യരുതേ. എനിക്കവൻ ഒറ്റ മകനേയുള്ളു." ഒരമ്മയുടെ അണപൊട്ടിയൊഴുകുന്ന പുത്രസ്നേഹമാണു നാമിവിടെ കാണുന്നത്.

നമ്മുടെ ഇതിഹാസമായ 'മഹാഭാരത'ത്തിലും ഇതുപോലുള്ള പുത്രസ്നേഹത്തിന്റെ കഥകൾ നിരവധിയുണ്ട്.

ഒരു കഥ കേൾക്കൂ: അതിദാരുണമായ കുരുക്ഷേത്രയുദ്ധം അവസാനിച്ചു. വീരാധിവീരന്മാരായ അനേകം യുവകോമളന്മാർ യുദ്ധ



ഭൂമിയിൽ ഈയാംപാറ്റകളെപ്പോലെ പിടഞ്ഞുവീണു മരിച്ചു. അനേകം അമ്മമാർക്കു സ്വന്തം മക്കളെ നഷ്ടപ്പെട്ടു. അക്കൂട്ടത്തിൽ നൂറുമക്കളെയും നഷ്ടപ്പെട്ട വലിയൊരു മാതാവുണ്ടായിരുന്നു. അതാണു ഗാന്ധാരി! നൂറുപേരുടെ മാതാവായ ഗാന്ധാരി!

എല്ലാ ദുഃഖങ്ങളും മനസ്സിന്റെ കുടുക്കയിലൊതുക്കി ആ അമ്മ മറ്റുള്ളവരെയെല്ലാം ആശ്വസിപ്പിച്ചു. ഇതിനിടയിലാണ് ഒരു ദിവസം ഗാന്ധാരിയമ്മയെ ആശ്വസിപ്പിക്കാൻ ശ്രീകൃഷ്ണൻ കൊട്ടാരത്തിലേക്കു കടന്നുവന്നത്.

ശ്രീകൃഷ്ണനെ കണ്ടതോടെ ഗാന്ധാരിയമ്മയുടെ ദുഃഖം അണപൊട്ടിയൊഴുകി. അവർ കൃഷ്ണനോട് അമർഷത്തോടെ ചോദിച്ചു: "കൃഷ്ണാ, നീ എത്ര വലിയ ക്രൂരതയാണ് ഈ അമ്മയോടു കാണിച്ചത്! പാണ്ഡവരുടെ പക്ഷത്തുചേർന്നു നീ അവർക്കു വിജയം നേടിക്കൊടുത്തു. അതിലൊന്നും ഈ അമ്മയ്ക്കു സങ്കടമില്ല. ധർമവും നീതിയും അവരുടെ പക്ഷത്തായിരുന്നല്ലൊ. എങ്കിലും ഞാൻ നൊന്തുപ്രസവിച്ച എന്റെ നൂറു പൊന്നോമനകളിൽ ഒന്നിനെപ്പോലും ഈ അമ്മയ്ക്കു കണികാണാൻ നീ ബാക്കി വച്ചില്ലല്ലൊ"- സങ്കടം സഹിക്കാനാവാതെ ഗാന്ധാരിയമ്മ തലതല്ലിക്കരഞ്ഞു.

പക്ഷേ, ഇതൊക്കെ കേട്ടിട്ടും ആ അമ്മയുടെ മുന്നിൽ ശ്രീകൃഷ്ണൻ ചൂളിപ്പോയില്ല. ഗാന്ധാരിയമ്മയെ തഴുകി ആശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "അമ്മേ ഗാന്ധാരീ, കുഞ്ഞുങ്ങളെ പ്രസവിച്ചതുകൊണ്ടുമാത്രം ഒരമ്മ അമ്മയാകുന്നില്ല. നാടിനും വീടിനും കൊള്ളാവുന്നവരായി ആ മക്കളെ വളർത്തിയെടുക്കുന്നതിലാണ് ഒരമ്മയുടെ വിജയം കുടികൊള്ളുന്നത്. അമ്മ നൂറുമക്കളെ പ്രസവിച്ചു എന്നതു സത്യമാണ്. പക്ഷേ, ഒരാളെപ്പോലും വെളിച്ചത്തിന്റെ വഴിയിലൂടെ നടത്താൻ അമ്മയ്ക്കു കഴിഞ്ഞോ?"

ശ്രീകൃഷ്ണന്റെ ചോദ്യത്തിനു മറുപടി പറയാൻ കഴിയാതെ ഗാന്ധാരിയമ്മ കുഴങ്ങി. അവർ നിറഞ്ഞ കണ്ണുകളോടെ ഭഗവാന്റെ തോളിൽ തലചായ്ച്ചു.

പ്രിയപ്പെട്ടവരേ, അമ്മമാരെ അനുസരിക്കുന്ന മക്കൾക്കേ നല്ലവരായി വളരാൻ കഴിയൂ.

*സസ്നേഹം,*

**സിപ്പിയങ്കിൾ**

## അക്ഷരഗാനം

# ഓ

**ഓ**ലപ്പീപ്പിയുമൂതീട്ട്
**ഓ**ടി നടക്കും കുട്ടികളേ
**ഓ**ലപ്പന്തു കളിക്കാനായ്
**ഓ**ണത്തപ്പൻ വരുമല്ലോ!



**മാത്യു കാരാംവേലി**

# സമോവ– പസിഫിക്



ഓഷ്യാനിയ മേഖലയിൽ ദക്ഷിണ പസിഫിക് സമുദ്രത്തിലെ ദ്വീപസമൂഹമായ സമോവ ലോകത്തെ കുഞ്ഞൻ രാജ്യങ്ങളിൽ ഒന്നാണ്. ഭൂവിസ്തൃതി 2831 ച.കി.മീ. ജനസംഖ്യ 1,7,9000. അതായതു നമ്മുടെ കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയായ ആലപ്പുഴയുടെ ഇരട്ടിവിസ്തൃതിയും പകുതി ജനസംഖ്യയുമാണ് സമോവയ്ക്കുള്ളത്. സമോവൻ, ഇംഗ്ലീഷ് എന്നിവയാണു ഭാഷകൾ. ജനങ്ങളെല്ലാം ക്രിസ്തുമതവിശ്വാസികൾ. തലസ്ഥാനം അപ്പിയ. ഗോത്രമുഖ്യനാണു രാഷ്ട്രത്തലവൻ. നിലവിൽ അത് ടുഫുഗ ഇഫിയാണ്. പ്രധാനമന്ത്രിയാണു സർക്കാർ തലവൻ. തുലൈയ്പ സെയ്ലീലി മലീലിഗോ ആണ് ആ പദവി അലങ്കരിക്കുന്നത്. നാണയം താല.

ഇരുപതാം നൂറ്റാണ്ടിനുമുമ്പു സമോവാദ്വീപുകൾ 'നാവികരുടെ ദ്വീപുകൾ' എന്നാണറിയപ്പെട്ടിരുന്നത്. സമോവൻ



ടുഫുഗ ഇഫി (ഗോത്രമൂഷൻ)

ജനതയുടെ സമുദ്രയാന വൈദഗ്ധ്യമായിരുന്നു അതിനു കാരണം. ആ പോളിനീഷ്യൻ ജനത നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ തങ്ങളുടെ വഞ്ചികളിലേറി അയൽദ്വീപുകളിൽ ചെന്നെത്തി. ടോങ്ഗയോടും ഫിജിയോടുമെല്ലാം പടവെട്ടി. സമോവൻ നാടൻ പാട്ടുകളിലും മിത്തുകളിലുമെല്ലാം ആ ആ കഥകൾ നിറഞ്ഞു നില്ക്കുന്നു. എന്നാൽ, 18–ാം നൂറ്റാണ്ടിൽ യൂറോപ്യൻ ശക്തികൾ സാമ്രാജ്യത്വ സ്വപ്നങ്ങളുമായി എത്തിയതോടെ ആ ധീരപാരമ്പര്യം തകർന്നു. അമേരിക്ക, ബ്രിട്ടൺ, ജർമനി എന്നീ പാശ്ചാത്യ ശക്തികൾ സമോവ ദ്വീപുകൾ പങ്കിട്ടെടുത്തു. 1962 ലാണു പടിഞ്ഞാറൻ സമോ എന്ന പേരിൽ സമോവ സ്വതന്ത്രമായത്. 1997ൽ ഭരണഘടനാഭേദഗതിയിലൂടെ രാജ്യത്തിന്റെ പേരു സമോ എന്നു മാറ്റി. ന്യൂസീലാൻഡിൽ നിന്നാണു സമോവ സ്വാതന്ത്ര്യം നേടിയത്.

അന്താരാഷ്ട്ര സമയരേഖയ്ക്കു കിഴക്കും ഭൂമധ്യരേഖയ്ക്കു തെക്കുമായി കിടക്കുന്ന സമോവയിൽ രണ്ടു വലിയ ദ്വീപുകളും എട്ടു ചെറു ദ്വീപുകളുമുണ്ട്. ഉപോലു, സവായി എന്നിവയാണു വലിയ ദ്വീപുകൾ. മനോനോ, അപോലിമ, നൂത്തിലി, നൂലുവ, ഫാനു, വതാപ്പു, നൂസാഫി,സൂലോപ്പ എന്നിവ ചെറുദ്വീപുകളും. അഗ്നിപർവത ദ്വീപുകളാണ് ഇവയെല്ലാം. സമോവ ജനതയുടെ മൂന്നിലൊന്നും ഉപോലുവിൽ വസിക്കുന്നു. തലസ്ഥാനമായ അപ്പിയയും ഈ ദ്വീപിലാണ്.



തുലൈയ്പ സെയ്ലീലി മലീലിഗോ *(പ്രധാനമന്ത്രി)*

1772ൽ യൂറോപ്യന്മാർ ആദ്യമായി സമോവൻ ദ്വീപുകളിലെത്തി. 19–ാം നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേക്കും ക്രിസ്തുമത പ്രചാരകരുടെയും വ്യാപാരികളുടെയും വരവായി. പോരാളികളായ സമോവക്കാർ ഫ്രഞ്ച്, ബ്രിട്ടീഷ്, ജർമൻ, അമേരിക്കൻ സൈന്യങ്ങളോട് ഏറ്റുമുട്ടി. തങ്ങളുടെ കപ്പലുകൾക്കു കൽക്കരി നിറയ്ക്കാനുള്ള ഇടത്താവളമായാണു പാശ്ചാത്യ ശക്തികൾ സമോവയെ ഉപയോഗിച്ചിരുന്നത്.

# സമുദ്രത്തിലെ കാർഷികദ്വീപുകൾ



ഒരു സമോവൻ കുടുംബം.



സമോവൻ പോലീസ്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബർലിൻ സന്ധി അനുസരിച്ചു സമോവൻ ദ്വീപുകൾ രണ്ടായി വിഭജിച്ചു. കിഴക്കൻ ദ്വീപുകൾ അമേരിക്കയും പടിഞ്ഞാറൻ ദ്വീപുകൾ ജർമനിയും സ്വന്തമാക്കി. അമേരിക്കൻ സമോവ എന്ന് ഇന്നറിയപ്പെടുന്ന ദ്വീപുകൾ കിഴക്കൻ ദ്വീപുകളാണ്. കൂടുതൽ ഭൂമേഖലയുള്ള കിഴക്കൻ ദ്വീപുകളിലെ അവകാശവാദം ഫിജിക്കും ഏതാനും മെലനീഷ്യൻ ദ്വീപുകൾക്കും വേണ്ടി ബ്രിട്ടൺ ഉപേക്ഷിച്ചു. ജർമൻ സമോവയെന്ന് അറിയപ്പെട്ട ആ ദ്വീപുകളാണ് ഇന്നത്തെ സ്വതന്ത്രരാഷ്ട്രമായ സമോവ. ഒന്നാം ലോകയുദ്ധകാലത്ത് 1914 ഓഗസ്റ്റ് 29നു ന്യൂസിലാൻഡ് സൈന്യം ജർമനിയിൽ നിന്നു സമോവ പിടിച്ചെടുത്തു. അതിനുശേഷം പടിഞ്ഞാറൻ സമോവ എന്ന പേരു



സമോവൻ കർഷകൻ



മത്സ്യവിപണനകേന്ദ്രം.

റച്ചു. 1962 വരെ ന്യൂസിലൻഡിന്റെ രക്ഷാധികാരത്തിലായിരുന്നു സമോവ. ലീഗ് ഓഫ് നേഷൻസ്, യു.എൻ. എന്നിവയുടെ നിർദ്ദേശപ്രകാരമായിരുന്നു ഇത്. 1962 ജനുവരി ഒന്നിനു സമോവ സ്വതന്ത്രമായി.

പാർലമെണ്ടറി ജനാധിപത്യ രാജ്യമാണെങ്കിലും രാജവാഴ്ച സമോവയിൽ നിലനില്ക്കുന്നു. ഗോത്രമൂപ്പനാണു രാജാവിന്റെ സ്ഥാനത്ത്. മാലിയത്തോവ തനുമാഫിലി രണ്ടാമനാണു രാജാവ്. എന്നാൽ, ഭരണാധികാരം പ്രധാനമന്ത്രിക്കാണ്. നീതി വ്യവസ്ഥ സ്വതന്ത്രവുമാണ്.

കൃഷിയും ടൂറിസവുമാണു സമോവൻ സമ്പദ്ഘടനയുടെ അടിസ്ഥാനങ്ങൾ. ജനങ്ങളിൽ മൂന്നിൽ രണ്ടും കൃഷിക്കാരാണ്. കയറ്റുമതിയുടെ 90 ശതമാനവും കാർഷികോത്പന്നങ്ങളിൽ നിന്നാണു കിട്ടുന്നതും. കൊപ്ര, വെളിച്ചെണ്ണ, തേങ്ങാക്കുഴമ്പ്, കൊക്കോ, വാഴപ്പഴം തുടങ്ങിയവ കയറ്റുമതി ചെയ്യുന്നു. ഫലഭൂയിഷ്ഠമാണു സമോവയിലെ മണ്ണ്. മീൻപിടുത്തമുണ്ടെങ്കിലും വൻതോതിലുള്ള മത്സ്യ വ്യവസായം അമേരിക്കൻ സമോവയിലാണുള്ളത്. സമോവയിൽ റയിൽവേ ഇല്ല. അപ്പിയ, അസാഹു, മുലിഫാനുവ, സാലിലോലോഗ എന്നിവയാണു തുറമുഖങ്ങൾ. ഭൂരിപക്ഷം ജനങ്ങളും പോളിനേഷ്യൻ വർഗക്കാരായ ക്രൈസ്തവരാണ്. എന്നാൽ, രാജാവു മാലിയത്തോവ തനുമാ പിലി ബഹായ് മതക്കാരനാണ്.പാരമ്പര്യത്തിൽ ഉറച്ചു നില്ക്കുന്ന ജനവിഭാഗമാണു സമോവക്കാർ. **

ജനപക്ഷം

# പത്രസ്വാതന്ത്ര്യ ധ്വംസനം അരാഷ്ട്രീയം

ഒരു സമൂഹത്തിലെ ജനാധിപത്യത്തിന്റെയും പൗരസ്വാതന്ത്ര്യത്തിന്റെയും അളവുകോലായി പത്രസ്വാതന്ത്ര്യത്തെ വിലയിരുത്താം. പത്രപ്രവർത്തനം എത്രമാത്രം സ്വതന്ത്രവും പ്രതിബന്ധരഹിതവുമാണോ ആ സമൂഹം അത്രമാത്രം പ്രബുദ്ധവും വികസനോന്മുഖവുമായിരിക്കും. അതുകൊണ്ടുതന്നെയാണല്ലോ പത്രത്തെ ജനാധിപത്യത്തിന്റെ നാലാമത്തെ നെടുംതൂണായി വിശേഷിപ്പിക്കുന്നതും.

എന്നാൽ, ഇന്ത്യയിലെ ഏറ്റവും പ്രബുദ്ധവും സാക്ഷരതയിലും ജനാധിപത്യബോധത്തിലും മുൻനിരയിലുള്ള സംസ്ഥാനവുമായ നമ്മുടെ കേരളത്തിൽ പത്രസ്വാതന്ത്ര്യത്തിനുമേലുള്ള പരസ്യമായ കടന്നുകയറ്റം ജനാധിപത്യ വിശ്വാസികളുടെയെല്ലാം മനസ്സുകളിൽ ആശങ്ക നിറയ്ക്കുന്നു. ഇന്ത്യയിലെ തന്നെ ഏറ്റവും പ്രചാരമുള്ള രണ്ടു ഭാഷാദിനപത്രങ്ങളായ മലയാള മനോരമയുടെയും മാതൃഭൂമിയുടെയും വിതരണം രണ്ടാഴ്ചയിലേറെ സിപിഎം പ്രവർത്തകർ തടസ്സപ്പെടുത്തിയതായാണ് ആക്ഷേപം. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഈ പത്രങ്ങളുടെ ഏജന്റുമാരെ ഭീഷണിപ്പെടുത്തി പത്രം വിതരണം ചെയ്യാൻ അനുവദിക്കാതെ മടക്കി അയച്ച പ്രവർത്തകർ ചില സ്ഥലങ്ങളിൽ പത്രക്കെട്ടുകൾ പിടിച്ചെടുത്തു നശിപ്പിക്കുകയുമുണ്ടായത്രെ.

ഇതു ജനങ്ങളുടെ അറിയാനുള്ള അവകാശം എന്ന മൗലികാവകാശത്തിനുമേലുള്ള കടന്നുകയറ്റമാണ്. ഒരു പുരോഗമന സമൂഹത്തിനും ആശാസ്യമല്ലാത്ത ഈ ഗുണ്ടാപ്രവർത്തനം ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആശീർവാദത്തോടെ നടക്കുമ്പോൾ ആ പ്രസ്ഥാനത്തെ എങ്ങനെയാണു രാഷ്ട്രീയ പ്രസ്ഥാനം എന്നു വിളിക്കാൻ കഴിയുക? മാഫിയാ സംഘമെന്നോ ഗുണ്ടാസംഘമെന്നോ മാത്രമാണ് അവർക്കു ചേരുന്ന വിശേഷണം.

മലയാളികളെ സംബന്ധിച്ചു പത്രം എന്നതു നിത്യജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു അവശ്യവസ്തുവാണിന്ന്. പത്രവായന എന്നതു ദിനചര്യകളിൽ പ്രഥമവും. ഇതു മലയാളിയുടെ സാമൂഹ്യബോധത്തിന്റെ ഏറ്റവും വലിയ



തങ്ങൾക്ക് അനഭിമതരായ പത്രങ്ങളെയെല്ലാം ഇല്ലാതാക്കി 'ഗീബൽസിയൻ തന്ത്രം' പ്രയോഗത്തിൽ വരുത്താനുള്ള പരിശ്രമത്തിനാണോ സിപിഎം തുനിയുന്നത്? നേരോടും നെറിവോടും കൂടി കാര്യങ്ങൾ അറിയുവാൻ സിപിഎം നേതാക്കളും അണികളും പോലും ആശ്രയിക്കുന്നതു സ്വതന്ത്ര പത്രങ്ങളെയാണല്ലോ. അപ്പോൾ 'ഗീബൽസിയൻ തന്ത്രം' നടപ്പാക്കുക ലക്ഷ്യമാക്കിയുള്ള പടപ്പുറപ്പാടിനു പിന്തുണ സിപിഎം അണികൾക്കിടയിൽ പോലും ന്യൂനപക്ഷമായിരിക്കും. ഈ പശ്ചാത്തലത്തിൽ രാഷ്ട്രീയനേതൃത്വം ഒരു കാര്യം മനസ്സിലാക്കുക. ഏറ്റവും വലിയ അരാഷ്ട്രീയ പ്രവൃത്തി പത്രസ്വാതന്ത്ര്യ ധ്വംസനമാണ്.

നിദർശനവുമാണ്. ആ നിലയിൽ ചിന്തിക്കുമ്പോൾ കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും സമൂഹചലനം അറിയുന്നതു മാതൃഭൂമിയിലൂടെയും മനോരമയിലൂടെയുമാണെന്നു പറയാം. ആ ദിനപത്രങ്ങളുടെ വിതരണം തടയുക എന്നു പറഞ്ഞാൽ മൂന്നരക്കോടി കേരളീയരിൽ ബഹുഭൂരിപക്ഷത്തിന്റെയും അറിയാനുള്ള അവകാശത്തെ ഇല്ലായ്മ ചെയ്യുക എന്നാണർത്ഥം. ഇതു ജനാധിപത്യ സമൂഹത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനത്തിനും ഭൂഷണമല്ല.

സിപിഎം പ്രാദേശിക സമ്മേളനങ്ങളിൽ രൂക്ഷമായിരിക്കുന്ന വിഭാഗീയതകൾ സംബന്ധിച്ച ലേഖനപരമ്പര പ്രസിദ്ധീകരിച്ചതോടെയാണത്രെ മനോരമയ്ക്കെതിരെയുള്ള ഉപരോധങ്ങൾ തുടങ്ങിയത്. ഇതു സംബന്ധിച്ച വാർത്ത നല്കിയതോടെ മാതൃഭൂമിയും സിപിഎമ്മിന്റെ രോഷത്തിനു പാത്രമായി. പത്രങ്ങളിൽ തങ്ങൾക്ക് അനഭിമതമായ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുവാൻ പാടില്ല എന്നു ശഠിക്കുന്നത് ഏകാധിപത്യ മനോഭാവമാണ്. ഹിറ്റ്ലർ, മുസോളിനി, മാവോ തുടങ്ങി ഈയിടെ കൊല്ലപ്പെട്ട ലിബിയൻ ഭരണാധികാരി മു അമ്മർ ഗദ്ദാഫിവരെയുള്ള ഏകാധിപതികളെല്ലാം പിന്തുടർന്ന മനോഭാവവും ഇതുതന്നെയായിരുന്നു.

ഹിറ്റ്ലറുടെ ഭരണകാലത്തു ജർമനിയിൽ ഭരണകൂടത്തിനു സ്തുതി പാടുന്ന പ്രസിദ്ധീകരണമേ ഉണ്ടായിരുന്നുള്ളൂ. അതു നിയന്ത്രിച്ചിരുന്നത് അദ്ദേഹത്തിന്റെ വിശ്വസ്ത അനുയായി ഗീബൽസും. യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ലാത്ത കാര്യങ്ങൾക്ക് ആവർത്തിച്ചാവർത്തിച്ചു പ്രചാരണം നല്കി ജനങ്ങളെ വിശ്വസിപ്പിക്കുക. 'ഗീബൽസിയൻ തന്ത്രം' എന്ന വിശേഷണം പോലും അങ്ങനെയാണല്ലോ രൂപമെടുത്തത്.

തങ്ങൾക്ക് അനഭിമതരായ പത്രങ്ങളെയെല്ലാം ഇല്ലാതാക്കി 'ഗീബൽസിയൻ തന്ത്രം' പ്രയോഗത്തിൽ വരുത്താനുള്ള പരിശ്രമത്തിനാണോ സിപിഎം തുനിയുന്നത്? നേരോടും നെറിവോടും കൂടി കാര്യങ്ങൾ അറിയുവാൻ സിപിഎം നേതാക്കളും അണികളും പോലും ആശ്രയിക്കുന്നതു സ്വതന്ത്രപത്രങ്ങളെയാണല്ലോ. അപ്പോൾ 'ഗീബൽസിയൻ തന്ത്രം' നടപ്പാക്കുക ലക്ഷ്യമാക്കിയുള്ള പടപ്പുറപ്പാടിനു പിന്തുണ സിപിഎം അണികൾക്കിടയിൽ പോലും കുറവായിരിക്കും.

ഒരു കാര്യം ഓർക്കുക: ഏറ്റവും വലിയ അരാഷ്ട്രീയ പ്രവൃത്തി പത്രസ്വാതന്ത്ര്യ ധ്വംസനമാണ്.

**

# മോൻസ് ജോസഫ് നിയമസഭാ കമ്മിറ്റി ചെയർമാൻ



സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ കമ്മിറ്റിയുടെ ചെയർമാനായി അഡ്വ.മോൻസ് ജോസഫ് എംഎൽഎയെ തിരഞ്ഞെടുത്തു. കേരളാ കോൺഗ്രസ് (എം) പാർലമെണ്ടറി പാർട്ടി സെക്രട്ടറിയാണ്. കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്ന് 1996 മുതൽ മൂന്നുപ്രാവശ്യം നിയമസഭാംഗമായി മോൻസ് ജോസഫ് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 2007 മുതൽ 2009 വരെ സംസ്ഥാന പൊതുമരാമത്തു മന്ത്രിയായിരുന്നു. കേരള നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപിക സോണിയ ജോസ് ആണു ഭാര്യ. വിദ്യാർത്ഥികളായ മരീന, ഇമ്മാനുവൽ എന്നിവർ മക്കളാണ്. *

# എസ്.എഫ്.ഐ – ഡി.വൈ.എഫ്.ഐ അക്രമസമരങ്ങൾ അവസാനിപ്പിക്കണം

## യൂത്ത് ഫ്രണ്ട് (എം)



*എസ്.എഫ്.ഐയുടെയും ഡി.വൈ.എഫ്.ഐയുടെയും അനാവശ്യ അക്രമസമരങ്ങളിൽ പ്രതിഷേധിച്ചു കോട്ടയം ടൗണിൽ യൂത്ത് ഫ്രണ്ട് (എം) പ്രവർത്തകർ സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ കോലം കത്തിക്കുന്നു.*

എസ്.എഫ്.ഐയും ഡി.വൈ.എഫ്.ഐയും സംസ്ഥാന വ്യാപകമായി നടത്തുന്ന അനാവശ്യ അക്രമസമരങ്ങൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടു കേരളാ യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പലിന്റെ നേതൃത്വത്തിൽ നൂറുകണക്കിനു യൂത്ത് ഫ്രണ്ട് പ്രവർത്തകർ സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ കോലവുമായി കോട്ടയം ടൗണിൽ പ്രതിഷേധ പ്രകടനം നടത്തി. തുടർന്നു സെൻട്രൽ ജംഗ്ഷനിൽ കോലം കത്തിച്ചു. അതിനുശേഷം നടന്ന പ്രതിഷേധസമരം യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു.

യൂത്ത് ഫ്രണ്ട് (എം) ഭാരവാഹികളായ ഷാജി പാമ്പൂരി, മൈക്കിൾ ജയിംസ്, ഷോൺ ജോർജ്, സാജൻ കുന്നത്ത്, ബിജു മുളകുപാടം, സോജി മുക്കാട്ടുകുന്നേൽ, സുമേഷ് ആൻഡ്രൂസ്, ജോഷി ഇലഞ്ഞി, ബോസ് അഗസ്റ്റിൻ, ജയിസൺ ജോസഫ്, പ്രസാദ് ഉരുളിക്കുന്നം, പാർട്ടി നേതാക്കളായ കെ.പി.ജോസഫ്, സജയൻ ജേക്കബ്, ജോൺ ജോസഫ്, ഷാജി പുളിമൂടൻ, സാബു കണിപറമ്പിൽ, സജി കെ.വർഗീസ്, ജോർഡിൻ കിഴക്കേത്തലയ്ക്കൽ, സന്തോഷ് മാവേലി, പ്രവീൺ ഉള്ളാട്ട്, സണ്ണി മാന്തറ, റിജോ വാളാന്തറ, കുഞ്ഞുമോൻ മാടപ്പാട്ട്, ബൈജു മാതിരമ്പുഴ, സാബു കാലാപറമ്പിൽ, ജോയി ചെറുപുഷ്പം, ജിജോ വരിക്കമുണ്ട, ജോളി മടുക്കക്കുഴി, ടോമി ഓമല്ലൂർകാരൻ, തോമസ് കോട്ടൂർ, ജോൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. *

# അയ്യപ്പഭക്തർക്കു ശരണമേകി 'ശരണസേതു'

ശബരിമല സന്നിധാനത്തു മണ്ഡലകാലത്തു വർധിച്ചു വന്നുകൊണ്ടിരിക്കുന്ന തിരക്കിനു ശമനം ഉണ്ടാക്കുവാൻ പുതുതായി നിർമിച്ച ശരണസേതുവിനു കഴിയും. മൂന്നുമാസം കൊണ്ടു കരസേനയുടെ ബാംഗ്ലൂർ ആസ്ഥാനമായ മദ്രാസ് എഞ്ചിനീയറിംഗ് ഗ്രൂപ്പാണു പാലവും അനുബന്ധ റോഡും നിർമിച്ചത്.



*ശരണസേതുവിന്റെ ഉദ്ഘാടനം ശബരിമല സന്നിധാനത്തു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു. ധനമന്ത്രി കെ.എം.മാണി, ദേവസ്വം മന്ത്രി വി.എസ്.ശിവകുമാർ തുടങ്ങിയവർ സമീപം.*

സന്നിധാനത്തെ ചന്ദ്രാനന്ദൻ റോഡുമായി യോജിപ്പിക്കുന്നതാണ് 40 മീറ്റർ നീളവും 3.3 മീറ്റർ വീതിയുമുള്ള ശരണസേതു. ഇരുമ്പു ഗർഡറുകൾ ഉപയോഗിച്ചുള്ള പാലം നിർമാണം പൂർത്തിയാകാൻ 25 ദിവസം വേണ്ടിവന്നു. രാജസ്ഥാനിലെ ജോദ്പൂരിൽ നിന്നുമാണ് ഇതിനാവശ്യമായ സാമഗ്രികൾ സൈന്യം എത്തിച്ചത്.

428 മീറ്റർ നീളവും അഞ്ചുമീറ്റർ വീതിയുമുള്ള അനുബന്ധ റോഡിന്റെ നിർമാണ ചുമതല കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപറേഷനായിരുന്നു. ഇതിനായി 1.22 കോടി രൂപയാണു ചിലവായത്. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സന്നിധാനത്തെത്തി ശരണസേതുവിന്റെ ഉദ്ഘാടനം നിർവഹിച്ചു. ദേവസ്വം മന്ത്രി വി.എസ്.ശിവകുമാർ അധ്യക്ഷത വഹിച്ചു. ധനമന്ത്രി കെ.എം.മാണി, റവന്യൂ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആന്റോ ആന്റണി എം.പി, എം.എൽ.എമാരായ രാജു ഏബ്രഹാം, കെ.ശിവദാസൻ നായർ, ദേവസ്വം ബോർഡ് പ്രസിഡണ്ട് അഡ്വ.എം. രാജഗോപാലൻ നായർ തുടങ്ങിയവർ പങ്കെടുത്തു. *

---

# രാസവളത്തിന്റെ വില കുറയ്ക്കാൻ കേന്ദ്രസർക്കാർ ഇടപെടണം

ജോസ് കെ.മാണി എം.പി

രാസവളങ്ങളുടെ വില നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെണ്ട് പുനഃസ്ഥാപിക്കുകയും വളം ലഭ്യത ഉറപ്പുവരുത്തുകയും വേണമെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ജോസ് കെ.മാണി എം.പി ആവശ്യപ്പെട്ടു. കഴിഞ്ഞ സീസണിൽ ഒരു ചാക്ക് ഫാക്ടം ഫോസിന് (50 കിലോ) 380 രൂപയും പൊട്ടാഷിന് 292 രൂപയും ആയിരുന്നത് ഏതാണ്ട് ഇരട്ടിയായി. കേരളത്തിലെ നെൽ കർഷകൻ അടുത്ത കൃഷി ഇറക്കുന്നതിനു തയ്യാറെടുക്കുമ്പോൾ വളത്തിന്റെ വിലയിലുണ്ടായ വർധനവ് അവർക്കു കടുത്ത സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.



*കേരളാ നെൽകർഷക യൂണിയൻ (എം) സംസ്ഥാന നേതൃസംഗമം ജോസ് കെ. മാണി എം.പി. ഉദ്ഘാടനം ചെയ്യുന്നു.*

കേരളാ നെൽകർഷക യൂണിയൻ (എം) സംസ്ഥാന നേതൃസംഗമം കോട്ടയത്ത് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ജോസ് കെ.മാണി എം.പി. സംസ്ഥാന പ്രസിഡണ്ട് ജോസ് കോയിപ്പള്ളി അധ്യക്ഷത വഹിച്ചു. ഇ.ജെ. ആഗസ്തി, ഏലിയാസ് സക്കറിയാസ്, സണ്ണി തെക്കേടം, വിജി എം. തോമസ്, എസ്. ബേബി കരിക്കംപള്ളി, ജോസ് മേനോങ്കേരി, ജോസ് ചുങ്കപ്പുര, തങ്കച്ചൻ കിഴക്കേതിൽ, തോമസ് കുറ്റിശ്ശേരി, ജേക്കബ് ഉമ്മൻ, ബിജു ചെറുകാട്, സുരാജ് കിഴക്കേപ്പറമ്പിൽ, ബേബിച്ചൻ മാലിയിൽ, ജോണിച്ചൻ മണലിൽ, വി.എം.യോഹന്നാൻ, സാബു കൊച്ചുപുത്തൻപുര, റജിമോൻ കുട്ടപ്പൻ, ജോർജുകുട്ടി വാതുച്ചിറ, ബാബു കറുകപ്പടി എന്നിവർ പ്രസംഗിച്ചു. *

## പി.സി.ജോർജിനെ അപകീർത്തിപ്പെടുത്തൽ
## കേരളാ കോൺഗ്രസ് (എം)കോട്ടയം ജില്ലാ കമ്മിറ്റി പ്രതിഷേധ പ്രകടനം നടത്തി



ഗവ.ചീഫ് വിപ്പ് പി.സി.ജോർജിനെ അപകീർത്തിപ്പെടുത്തുന്ന ബോർഡുകൾ സ്ഥാപിക്കുകയും, വഴി തടയാൻ ശ്രമിക്കുകയും ചെയ്യുന്ന ഡി.വൈ.എഫ്.ഐ നടപടിയിൽ പ്രതിഷേധിച്ചു പാർട്ടി കോട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനവും യോഗവും നടത്തി. ജില്ലാ പ്രസിഡണ്ട് ഇ.ജെ.ആഗസ്തി യോഗം ഉദ്ഘാടനം ചെയ്തു. തോമസ് കണ്ണന്തറ, സണ്ണി തെക്കേടം, ജോസ് പുത്തൻകാലാ, ഡി.സി.വത്സപ്പൻ, ജോസ് പാറേക്കാട്ടിൽ, കെ.ജെ.ഫിലിപ്പ്, എൻ.ഡി.ചാക്കോ, ജെ.ജോസഫ്, മാത്തുക്കുട്ടി പ്ലാത്താനം, സെഫി പറമുണ്ട, ജോസഫ് ചാമക്കാല, ബോബൻ ടി.തെക്കേൽ, റസ്സി മങ്കാശ്ശേരി, വാസുദേവൻ നമ്പൂതിരി, ഔസേപ്പൻ കല്ലുങ്കാട്ട്, പി.വി.തോമസ്, സച്ചിൻ ജയിംസ്, ജോർജ് പുല്ലാട്ട്, തോമസ് മണ്ണഞ്ചേരി, ട്രീസാമ്മ തോമസ്, മണിക്കുട്ടി സന്തോഷ്, മായക്കുട്ടി ജോൺ എന്നിവർ പ്രസംഗിച്ചു.

*

---

## മൂലേപ്ലാവ് മൃഗാശുപത്രിയിൽ ഡോക്ടറില്ല
## കേരളാ കോൺഗ്രസ് (എം) മാർച്ചും ധർണയും നടത്തി



ചിറക്കടവ്, വെള്ളാവൂർ, വാഴൂർ, മണിമല തുടങ്ങിയ പഞ്ചായത്തുകളിലെ അനേകം ക്ഷീരകർഷകർക്കു പ്രയോജനം ചെയ്യുന്ന മൂലേപ്ലാവ് മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ടു കേരളാ കോൺഗ്രസ് (എം) ചിറക്കടവു മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശുപത്രിയിലേക്കു മാർച്ചും ധർണയും നടത്തി.

ചിറക്കടവ് ഗ്രാമപഞ്ചായത്തു ലക്ഷക്കണക്കിനു രൂപ മുടക്കി പുതിയ കെട്ടിടവും റോഡും നിർമിച്ചിട്ടും ഈ ആശുപത്രിയിൽ 6 മാസമായി ഡോക്ടറുടെ സേവനം ലഭ്യമല്ല. തുടർന്നാണു കേരളാ കോൺഗ്രസ് (എം) സമരവുമായി രംഗത്തുവന്നത്. മണ്ഡലം പ്രസിഡണ്ട് ഷാജി നല്ലേപ്പറമ്പൻ അധ്യക്ഷത വഹിച്ചു. മറിയാമ്മ ടീച്ചർ, ഷാജി പാമ്പൂരി, മാത്തച്ചൻ നരിതൂക്കിൽ, സുമേഷ് ആൻഡ്രൂസ്, വത്സമ്മ സണ്ണി, ജോർജുകുട്ടി പൂതക്കുഴി, ലാജി തോമസ്, അഭിലാഷ് മണിമല, സണ്ണി ഞള്ളിയിൽ, തോമസ് പാട്ടത്തിൽ, ശ്രീകാന്ത് എസ്, ജിജു ജോസഫ് എന്നിവർ പ്രസംഗിച്ചു.

*

# യൂത്ത് ഫ്രണ്ടുകാർക്കു നേരെ പോലീസ് പരാക്രമം

സിപിഎമ്മിന്റെ മുഖമുദ്രയായ ഗുണ്ടായിസത്തിന്റെ വിളയാട്ടത്തിനാണു നവംബർ ഏഴ് തിങ്കളാഴ്ച സായാഹ്നത്തിൽ കോട്ടയം നഗരം വേദിയായത്. പ്രതിഷേധിക്കുവാനും യോഗം ചേരുവാനും പ്രകടനം നടത്താനുമൊക്കെ സ്വാതന്ത്ര്യമുള്ള ഒരു ജനായത്ത സമൂഹമാണു നമ്മുടേത്. എന്നാൽ, ഈ അവകാശത്തിനു മേലുള്ള കടന്നുകയറ്റമാണു കേരളാ കോൺഗ്രസിന്റെ യുവജന വിഭാഗമായ യൂത്ത് ഫ്രണ്ട് പ്രവർത്തകർക്കു നേരെ സിപിഎം ഗുണ്ടകൾ നടത്തിയത്. നിയമവാഴ്ച നടപ്പാക്കേണ്ട പോലീസുകാരുടെ പിന്തുണയും ഈ ജനാധിപത്യ ധ്വംസനത്തിനു സിപിഎമ്മിനു കൂട്ടായി എന്നതാണു മറ്റൊരു സത്യം.



കേരളാ കോൺഗ്രസ് (എം) വൈസ് ചെയർമാനും സംസ്ഥാന ഗവൺമെണ്ട് ചീഫ് വിപ്പുമായ പി.സി.ജോർജിനെ അപകീർത്തിപ്പെടുത്തിയ നിലയിൽ മാന്യതയുടെ എല്ലാ അതിർവരമ്പുകളും ലംഘിച്ചുകൊണ്ടു സിപിഎം നടത്തുന്ന പ്രചാരണങ്ങൾക്കും ഉപരോധത്തിനുമെതിരെയായിരുന്നു യൂത്ത് ഫ്രണ്ട് (എം) പ്രതിഷേധം. സിപിഎം സംസ്ഥാന സെക്രട്ടറി എന്ന നിലയിൽ പിണറായിയുടെ കോലം കത്തിക്കലും പ്രതിഷേധത്തിന്റെ ഭാഗമായിരുന്നു.

കേരളാ കോൺഗ്രസ് സംസ്ഥാന കമ്മിറ്റി ഓഫീസിൽ നിന്നും ജില്ലാ പ്രസിഡണ്ടും ജില്ലാ പഞ്ചായത്തംഗവുമായ സജി മഞ്ഞക്കടമ്പിലിന്റെ നേതൃത്വത്തിൽ പ്രകടനമായെത്തിയ പ്രവർത്തകർ കോട്ടയം ഗാന്ധിസ്ക്വയറിൽ സമ്മേളിച്ചു. തുടർന്നു യോഗം സംസ്ഥാന പ്രസിഡണ്ട് ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു. അതിനുശേഷം കോലം കത്തിക്കുവാൻ തുടങ്ങിയപ്പോഴായിരുന്നു പഴയ ബസ്സ്റ്റാൻഡിന്റെ ഭാഗത്തു നിന്നും സിപിഎം, ഡിവൈഎഫ്എ പ്രവർത്തകർ കല്ലേറു തുടങ്ങിയത്. യൂത്ത് ഫ്രണ്ട് പ്രവർത്തകർക്കിടയിലേക്കു പാഞ്ഞു കയറിയ അവർ പ്രവർത്തകരെ കയ്യേറ്റം ചെയ്യുകയും പിണറായിയുടെ കോലം കൈവശപ്പെടുത്തുകയും ചെയ്തു.

കല്ലേറു വീണ്ടും തുടർന്നെങ്കിലും അമ്പതോളം വരുന്ന പോലീസുകാർ അതു തടയാൻ ശ്രമിക്കാതെ യൂത്ത് ഫ്രണ്ട് പ്രവർത്തകരെയാണു തെരഞ്ഞുപിടിച്ചു മർദ്ദിച്ചത്. അടിക്കുന്നതിനിടെ നീയൊക്കെ ഞങ്ങളുടെ നേതാവിന്റെ കോലം കത്തിക്കുമോടാ എന്നു പോലീസുകാരിൽ ചിലർ ആക്രോശിച്ചത്രെ. സിവിൽ പോലീസ് ഓഫീസർമാരായ ഇവർ ജോലിയിൽ പ്രവേശിച്ചതു കഴിഞ്ഞ ഇടതു സർക്കാരിന്റെ അവസാന കാലത്താണ്. 'ഉപകാര സ്മരണയ്ക്ക് ഉപചാരപൂർവമുള്ള പ്രവൃത്തി' അവർ ചെയ്തു എന്നു സാരം. നിഷ്ഠൂരമായ ആക്രമമാണു യൂത്ത് ഫ്രണ്ട് പ്രവർത്തകർക്കു പോലീസിൽ നിന്നും ഏറ്റുവാങ്ങേണ്ടി വന്നത്.

ജില്ലാ വൈസ് പ്രസിഡണ്ടായ സെബാസ്റ്റ്യൻ ജോസഫിനാണു ഗുരുതരമായി പരിക്കേറ്റത് പോലീസിന്റെ ലാത്തികൊണ്ടുള്ള അടിയിലും ബൂട്ടിട്ടുള്ള ചവുട്ടിലും തൊഴിയിലും അദ്ദേഹത്തിന്റെ കാൽമുട്ടിന്റെ ചിരട്ടയ്ക്കു പൊട്ടലുണ്ടായി. രണ്ടു പല്ലുകൾ ഒടിഞ്ഞു. വലതു കൈക്കുഴ തെറ്റി. മുഖത്തിനു മുറിവേറ്റു. സിപിഎം ഗുണ്ടകൾക്കൊപ്പം കാക്കിയിട്ട ചില പോലീസ് ഗുണ്ടകളും കൈകോർത്തു നടത്തിയ ഈ അക്രമം പോട്ടേന്നു വയ്ക്കാൻ കഴിയുന്നതല്ല.

ജില്ലാ വൈസ് പ്രസിഡണ്ടായ സെബാസ്റ്റ്യൻ ജോസഫിനാണു ഗുരുതരമായി പരിക്കേറ്റത് പോലീസിന്റെ ലാത്തികൊണ്ടുള്ള അടിയിലും ബൂട്ടിട്ടുള്ള ചവുട്ടിലും തൊഴിയിലും അദ്ദേഹത്തിന്റെ കാൽ മുട്ടിന്റെ ചിരട്ടയ്ക്കു പൊട്ടലുണ്ടായി. രണ്ടു പല്ലുകൾ ഒടിഞ്ഞു. വലതു കൈക്കുഴ തെറ്റി. മുഖത്തിനു മുറിവേറ്റു. സിപിഎം ഗുണ്ടകൾക്കൊപ്പം കാക്കിയിട്ട ചില പോലീസ് ഗുണ്ടകളും കൈകോർത്തു നടത്തിയ ഈ അക്രമം പോട്ടേന്നു വയ്ക്കാൻ കഴിയുന്നതല്ല.

കണ്ണൂരിലെ പാർട്ടി ഗ്രാമങ്ങൾ കേരളത്തിലെമ്പാടും വ്യാപിപ്പിക്കുവാനാണു സിപിഎം നിരന്തരം ശ്രമിക്കുന്നത്. അത് അനുവദിച്ചുകൊടുക്കലാവും ഇത്തരം സംഭവങ്ങൾ വകവച്ചു കൊടുത്താൽ ഉണ്ടാവുക. അതിനാൽ ഗുണ്ടകൾക്കൊപ്പം ചേർന്നു യൂത്ത് ഫ്രണ്ട് പ്രവർത്തകരെ മർദിച്ച പോലീസുകാരെ മാതൃകാപരമായി ശിക്ഷിക്കുക തന്നെ വേണം.

**

# കൗമുദി പത്രാധിപരുടെ വെളിപ്പെടുത്തലും അച്യുതാനന്ദന്റെ പൊയ്മുഖവും



പെയ്ഡ് ന്യൂസിനെപ്പറ്റിയും മാധ്യമ അധാർമികതയെപ്പറ്റിയുമൊക്കെ വാതോരാതെ സംസാരിക്കുന്ന വി.എസ്.അച്യുതാനന്ദന്റെ പൊയ്മുഖം എടുത്തുമാറ്റപ്പെട്ടിരിക്കുകയാണ്, കേരള കൗമുദി പത്രാധിപർ എം.എസ്. മണിയുടെ വെളിപ്പെടുത്തലുകളിലൂടെ. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കെ സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയനെതിരെ കേരള കൗമുദിയിൽ നിരന്തരം വാർത്തകൾ വന്നുവെന്നും ഇതിനു പിന്നിൽ പ്രവർത്തിച്ചത് അച്യുതാനന്ദനായിരുന്നെന്നുമാണു കേരളകൗമുദിയുടെയും കലാകൗമുദിയുടെയും പത്രാധിപരായ മുതിർന്ന പത്രപ്രവർത്തകൻ എം.എസ്.മണി ഒരു ചാനലിനു നല്കിയ അഭിമുഖത്തിൽ പറഞ്ഞത്. കൗമുദിയുടെ പത്രാധിപ സമിതിയിലെ ഏതാനും ചിലരെ സ്വാധീനിച്ചാണത്രെ പിണറായിക്കെതിരായ വാർത്തകൾ നിരന്തരം കൗമുദിയിൽ കയറ്റിയത്. ഇതു ശ്രദ്ധയിൽപെട്ട ഉടനെ പത്രാധിപ സമിതിയിൽ താൻ അക്കാര്യത്തിലെ അധാർമികതയും അനൗചിത്യവും വ്യക്തമാക്കിയെന്നും തുടർന്ന് അച്യുതാനന്ദൻ-പിണറായി പോരിൽ നിഷ്പക്ഷത പുലർത്തിയെന്നുമാണു മണി പറയുന്നത്. ഇതിൽ അച്യുതാനന്ദനു തന്നോടു നീരസമുണ്ടായെന്നും, അദ്ദേഹം പിആർഡിയിൽ ഇടപെട്ടു കൗമുദിക്കുള്ള പരസ്യവും അതിന്റെ പേയ്മെന്റുകളും വൈകിപ്പിച്ചെന്നും മണി പറയുന്നു. സിപിഎമ്മിൽ വിഭാഗീയത എത്രമാത്രം രൂക്ഷമാണെന്നതിന് ഒരു തെളിവുകൂടി.

**

# നിയമസഭയും ജപ്തിചെയ്യിച്ചു കേരളം റെക്കോർഡിടുമോ?



സംസ്ഥാന നിയമസഭയ്ക്കും നികുതി കുടിശ്ശിക! നികുതി അടയ്ക്കേണ്ടതു തിരുവനന്തപുരം നഗരസഭയിൽ. ഇനി നഗരസഭയെങ്ങാനും നിയമസഭ ജപ്തി ചെയ്തേക്കുമോ? സംഭവിച്ചു കൂടായ്കയില്ല.

നാളെ തിരുവനന്തപുരം നഗരസഭ 'നിയമസഭാ മന്ദിരം പൂട്ടി താക്കോലും കൊണ്ടുപോയി. സഭ കൂടാനെത്തിയ മന്ത്രിമാരും എംഎൽഎമാരും സ്പീക്കറും നിയമസഭാ ജീവനക്കാരും റോഡിൽ കുത്തിയിരിക്കുന്നു' എന്ന ഫ്ളാഷ് ന്യൂസ് കാണാൻ ഇടവന്നാൽ ഒട്ടും അത്ഭുതപ്പെടേണ്ട, കാരണം, ഇതു കേരളമാണ്. നികുതിയുടെ കാര്യത്തിൽ സംസ്ഥാന നിയമസഭ തിരുവനന്തപുരം നഗരസഭയ്ക്കു കൊടുക്കേണ്ടത് 13 കോടി രൂപയാണത്രെ. 1998 മുതലുള്ളതാണു കുടിശ്ശിക. ഈ കുടിശ്ശിക അല്പം കൂടിപ്പോയെന്നും തുകയുടെ കാര്യത്തിൽ അല്പസ്വല്പം നീക്കുപോക്കുവേണമെന്നുമാണത്രെ നിയമസഭാ അധികൃതരുടെ ആദ്യ നിലപാട്. അതിനെത്തുടർന്ന് അല്പം വിട്ടുവീഴ്ച നഗരസഭ ചെയ്യുകയുമുണ്ടായി. അതു പോരത്രെ. എന്തായാലും പ്രശ്നം സ്പീക്കറുടെ ശ്രദ്ധയിലുമെത്തിക്കഴിഞ്ഞു.

**

**നുറുങ്ങറിവുകൾ**

# ഒറ്റപ്പൂരാടനും എക്കച്ചെക്കലും!

**ടി.കെ. മാറിയിടം**

> ഇങ്ങനെ നോക്കിയാൽ പഴമയുടെ അക്ഷയപാത്രത്തിൽ എത്രയെത്ര വിഭവങ്ങൾ! അവയെ പെറുക്കിയെടുക്കുന്തോറും പാത്രം നിറഞ്ഞുകൊണ്ടിരിക്കുന്നു! കാലപ്രവാഹത്തിൽ എപ്പോഴൊക്കെയോ നമ്മുടെ നാവുകളികൽ നിന്ന് അടർന്നു വീണ് അകന്നുപോയ അമൂല്യ മൊഴിമുത്തുകൾ! ഇന്നത്തെ തലമുറയ്ക്കൊപ്പം മറഞ്ഞു പോകാതെ, ഇളമുറക്കാർക്കായി അവയെ ശേഖരിച്ചു സംരക്ഷിക്കേണ്ടതു നമ്മുടെ കടമയല്ലേ?

*മധ്യകേരളത്തിലെ ഗ്രാമങ്ങളിൽ ഒരു കാലത്തു സർവസാധാരണമായിരുന്ന പദപ്രയോഗങ്ങൾ പലതും ഇന്നു വിസ്മൃതമായിരിക്കുന്നു. ശേഷിക്കുന്നവ അസ്തപ്രാണാവസ്ഥയിലുമാണ്. ഇളം തലമുറയുടെ അറിവിലേക്ക് ഏതാനും ഉദാഹരണങ്ങൾ നിരത്താം. മുതിർന്നവർക്ക് ഒരു ഓർമ പുതുക്കലുമാകട്ടെ.*

ഇന്നലെ തീറ്കൈ പോണ കണ്ടല്ലോ. എന്നതാർന്നു കാര്യം?

- ചന്തേപ്പോയതാ. മീൻ തീരുന്നേനു മുന്നം ചെല്ലണാർന്നു. കറിവെയ്ക്കാൻ 'എളിയോരു വസ്തു' ഇല്ലെന്നു വീട്ടുകാരിത്തി പറഞ്ഞു.

ഈ സംഭാഷണത്തിലെ 'തീറ്കൈ' എന്നതു കൊണ്ട് 'അതിവേഗം' എന്നാണുദ്ദേശിച്ചത്. ഒരു വകയുമില്ലെന്ന അർത്ഥത്തിൽ 'എളിയോരു വസ്തുവും.'

- രാഘവന്റെ മകൻ പൊറപ്പെട്ടു പോയി അറിഞ്ഞോ?
- അങ്ങനെയൊരു 'ഓച്ചുറ്തി' ഞാനും കേട്ടു.

നാട്ടിൽ നിന്നു ദൂരദേശത്തേക്ക് ഒളിച്ചുപോയി എന്ന അർത്ഥത്തിലാണു 'പുറപ്പെട്ടു പോയി' എന്നു പറഞ്ഞത്. സത്യമോ നുണയോ എന്നു വ്യക്തമല്ലാത്ത വാർത്തയാണ് ഓച്ചുറ്തി!

- അവൻ ഒറ്റപ്പൂരാടനാ! എളേത്തുങ്ങളു വാഴത്തില്ല.

ചില ദമ്പതിമാർക്ക് ഒരു കുട്ടി ജനിച്ച്, ഏഴെട്ടു വയസ്സായിട്ടും ഇളയകുട്ടികൾ ജനിക്കാത്ത അവസ്ഥയുണ്ടാകാം. അഥവാ ചാപിള്ളകളായി പിറന്നേക്കാം. അതിന്റെ കുറ്റം മൂത്ത കുട്ടിയിൽ ചുമത്തി വീട്ടുകാരും നാട്ടുകാരും വിളിച്ചിരുന്നതാണ് ഒറ്റപ്പൂരാടൻ (ഒറ്റപ്പൂരാടി) എന്ന്. ഈ സംബോധനയ്ക്കു പൂരാടം നക്ഷത്രവുമായി ബന്ധമുണ്ടോ എന്നറിയില്ല.

- എളേ കൊച്ചിനു വയസ് ഏഴായി. 'വയറ് കഴികിപ്പിള്ളയാണെന്നു തോന്നുന്നു!

ഒന്നും അരയും വയസ്സിന്റെ വ്യത്യാസത്തിൽ എട്ടും പത്തും കുട്ടികളുണ്ടായിരുന്ന പഴയ കുടുംബങ്ങളിൽ ഇളയ കുട്ടിയുടെ വിശേഷണമാണു വയറു കഴുകിപ്പിള്ള.തനിക്ക് ഇളയവർ ജനിക്കാത്ത വിധം അമ്മയുടെ ഗർഭാശയവും 'കഴുകി ശുദ്ധിയാക്കി' പോന്ന ശിശു എന്നർത്ഥം!



- ഇത്രം കാലത്തിനെടേൽ ഞങ്ങളു തമ്മിൽ 'കറുത്തോരു വചനം' പറയാനെടയായിട്ടില്ല.

തങ്ങളുടെ സൗഹൃദത്തിനു ഭംഗം വരാവുന്ന പരാമർശങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നർത്ഥം. എങ്കിൽ ഇല്ലാവചനമോ?

- വെറുതേ 'ഇല്ലാ വചനം' പറയല്ലേ ചങ്ങാതി. മനുഷ്യരു ജീവിച്ചുപൊയ്ക്കോട്ടെ.

അപരനിൽ ഇല്ലാത്ത കുറ്റം ആരോപിച്ച് അയാൾക്കു കഷ്ടനഷ്ടങ്ങൾ വരുത്തുന്നതാണ് 'ഇല്ലാവചനം.' പരദൂഷണത്തിന്റെ പര്യായം!

- അവരു തമ്മിൽ ഈയിടെയൊരു 'എക്കച്ചെക്കല്' ഉണ്ടായി.

അഭിപ്രായവ്യത്യാസം മൂത്തു നീരസമായി. അപസ്വരമായി, ഒടുവിൽ വാഗ്വാദം വരെയെത്തുമ്പോൾ അതാണ് എക്കച്ചെക്കല്. അതിനപ്പുറം അടിപിടിയിലെത്താം.

- എല്ലാരും കൂടെ പറഞ്ഞു പറഞ്ഞ് എക്കച്ചെക്കലിലാ പിരിഞ്ഞെ.....

ആരും നട്ടുപിടിപ്പിക്കാതെ വിത്തു വീണിടത്തു കിടന്നു കിളിർത്തു വളർന്നു ചെടിയാകുന്നതാണു 'പടുകുരപ്പ്.' മലബാറിൽ ഇതിനു 'പടുമുള' എന്നു പറയും.

(കുരുപ്പ് - കിളിർപ്പ്, മുള, കുരുപ്പ- ഇളം ചെടി, കുരുന്നുചെടി)

- 'പടുകുരുപ്പയുണ്ടായതാണേലും നല്ല വെളവൊണ്ട്!

പണ്ടുള്ളവർ ഈ വാക്കിന് ഒരു ദുർത്ഥം കൂടി കല്പിച്ചിരുന്നു-ജാരസന്തതി! അവനെങ്ങനെ ചൊവ്വാകാനാ, 'പടുകുരുപ്പയല്ലേ?

'കമ്മതിവില' എന്നത് ഒരു വസ്തു അളക്കാതെയും തൂക്കാതെയും മൊത്തം വില കണക്കാക്കുക.

- നീയതിനൊരു കമ്മതി വില പറഞ്ഞാമതി.

'കൺകാഴ്ച' യിൽ തോന്നിയ മതിപ്പുവില എന്ന അർത്ഥത്തിൽ 'കൺമതി' എന്നു പറഞ്ഞിരിക്കാം. ആ വാക്കു ലോപിച്ച് 'കമ്മതി' ആയതാകാം.

- നിങ്ങളവനെയൊന്നു സഹായിക്കണം. പരാധീനോം പണ്ടപ്പരപ്പും ഉള്ള മനുഷേനാ.

വയറിനെ ഉദ്ദേശിച്ചു 'പണ്ടപ്പരപ്പ്' എന്നു പറഞ്ഞു തുടങ്ങി. മക്കൾ പത്തുണ്ടെങ്കിൽ, പത്തു വയറുകൾ നിറയ്ക്കണം. കൂടാതെ വസ്ത്രം, പുസ്തകം, ഫീസ് എന്നിങ്ങനെയെല്ലാം. അതിനു പരാശ്രയം വേണ്ടിവരും. അതാണു 'പരാധീനം' കൊണ്ട് ഉദ്ദേശിക്കുന്നത്.

തവ്താരിക്കുക- വഴക്കു പറയുക.

- പള്ളിക്കൂടത്തീന്നു വരാൻ താമസിച്ചാൽ അമ്മ 'തവ്തരിക്കും'.

തോങ്കരിക്കുക-അതുമിതും പറഞ്ഞു കാരണമുണ്ടാക്കി വഴക്കു കൂടുക!

- ഒരക്ഷരോം മിണ്ടാതിരുന്നാലും അതിയാൻ 'തോങ്കരിച്ചോണ്ടു' വരും!

മുഞ്ഞീം കിറീം- മുഖവും വായും.

- പോയി 'മുഞ്ഞീം കിറീം' കഴുകി വാ. കഞ്ഞി കുടിക്കാം.

ഉടകെട്ട്- വസ്ത്രം

- പെമ്പിള്ളേരുടെ 'ഉടക്കെട്ടിനാ' ചെലവു മുഴുവൻ!

പോക്കടം- പോകാൻ ഒരിടം.

- സ്വത്തെല്ലാം മക്കൾക്കു വീതിച്ചു കൊടുത്തു. ഇപ്പം തള്ളയ്ക്കു 'പോക്കട'മില്ലാണ്ടായി.

പോക്കണംകേട്- മോശം, നാണക്കേട്.

- നീയിങ്ങനെ 'പോക്കണംകേട്' പറയാതെ.

എട്ടോരു പക്ഷം- മനസ്സില്ലാ മനസ്സോടെ.

- അവനെ ഒരു സഹായത്തിനു വിളിച്ചിട്ട് 'എട്ടോരുപക്ഷായിട്ടാ' വന്നത്!

അസ്മാദി- സ്വന്തക്കാർ

വെന്ത്യാനിക്കാർ-അന്യർ

- 'അസ്മാദി'യാണു പറഞ്ഞിട്ടെന്താ. ഉപകാരോന്നൂല്ല. പിന്നേ ഭേദം 'വെന്ത്യാനിക്കാരാ!....

വായീട്- വായ്ത്താരി, സംസ്കാര രീതി

- അവന്റെ 'വായീട്' കേട്ടപ്പത്തന്നെ തിരിഞ്ഞു മനസ്സിലിരിപ്പെന്താണെന്ന്!

ഇങ്ങനെ നോക്കിയാൽ പഴമയുടെ അക്ഷയപാത്രത്തിൽ എത്രയെത്ര വിഭവങ്ങൾ! അവയെ പെറുക്കിയെടുക്കുന്തോറും പാത്രം നിറഞ്ഞുകൊണ്ടിരിക്കുന്നു! കാലപ്രവാഹത്തിൽ എപ്പോഴൊക്കെയോ നമ്മുടെ നാവുകളികൽ നിന്ന് അടർന്നു വീണ് അകന്നുപോയ അമൂല്യമൊഴിമുത്തുകൾ! ഇന്നത്തെ തലമുറയ്ക്കൊപ്പം മറഞ്ഞുപോകാതെ, ഇളമുറക്കാർക്കായി അവയെ ശേഖരിച്ചു സംരക്ഷിക്കേണ്ടതു നമ്മുടെ കടമയല്ലേ?

**

## അറിയേണ്ടും കാര്യങ്ങൾ

## ഉദ്യോഗസ്ഥകളായ സ്ത്രീകളുടെ കുട്ടികൾക്ക് ആരോഗ്യപ്രശ്നം കൂടുതൽ!



ഉദ്യോഗസ്ഥകളായ സ്ത്രീകളുടെ കുട്ടികൾക്കു സാധാരണയിൽ കവിഞ്ഞ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി പഠനറിപ്പോർട്ട്. ബ്രിട്ടണിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത് അഞ്ചുവയസ്സു പ്രായമുള്ള 12500 കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ പഠനത്തിലാണ് ഈ വസ്തുത വെളിപ്പെട്ടത്. അഞ്ചുവയസ്സുവരെ പ്രായമുള്ള 60 ശതമാനം കുട്ടികളുടെയും അമ്മമാർ ഉദ്യോഗസ്ഥകളാണ്.

ജോലിക്കു പോകുന്നതിനാൽ അമ്മയുടെ സാമീപ്യവും പരിചരണവും കുട്ടികൾക്കു ലഭിക്കുന്നതു കുറവായിരിക്കും. കൂടാതെ വെളിയിൽ നിന്നും വാങ്ങുന്ന റെഡിമെയ്ഡ് ഫുഡ്ഡുകളാകും കുട്ടികൾക്കു നിത്യേന ലഭിക്കുക. പോഷകങ്ങൾ ഏറ്റവും ആവശ്യമുള്ള പ്രായത്തിൽ അവ ലഭിക്കാതെ വരുന്നതുവഴി ആരോഗ്യപ്രശ്നങ്ങൾ തലപൊക്കും.

എന്നാൽ, ജോലിക്കുപോകുന്ന സ്ത്രീകളുടെ എണ്ണം വർധിച്ചുകൊണ്ടേയിരിക്കുകയാണ്. ഇതിനു സർക്കാരിൽ നിന്നും പ്രോത്സാഹനം ലഭിക്കുന്നു. അമ്മയായിക്കഴിഞ്ഞു ജോലി ഉപേക്ഷിക്കുന്നവരുടെ എണ്ണം തുലോം കുറവാണെന്നും പഠനറിപ്പോർട്ടിൽ പറയുന്നു.

ഈ പഠനത്തിൽ കുട്ടികളുടെ അച്ഛന്മാരെ ഉൾപ്പെടുത്തിയിരുന്നില്ല. കാരണം, കുടുംബനാഥന്മാർ കാലാകാലങ്ങളായി തൊഴിൽചെയ്തുവരുന്നവരാണ്. എന്നാൽ, അടിക്കടി വർധിച്ചുകൊണ്ടിരുന്നതു സ്ത്രീകളുടെ, അതിൽതന്നെ അമ്മമാരായ തൊഴിൽസ്വീകർത്താക്കളുടെ എണ്ണമാണ്. കൂടാതെ കുട്ടികളുടെ ആരോഗ്യകാര്യങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടുനില്ക്കുന്നത് അമ്മമാരാണ്. അതിനാലാണ് അവരെ കേന്ദ്രീകരിച്ചു പഠനം നടത്തിയതെന്നു പഠനത്തിനു നേതൃത്വം നല്കിയ പ്രൊഫ. കാതറിൻ ലോ പറയുന്നു.

**







**4.** പെട്രോൾ വിലവർധനവിനെത്തുടർന്ന് അധികനികുതിയായി ലിറ്ററിനു ലഭിക്കുന്ന 37 പൈസ സംസ്ഥാന സർക്കാർ വേണ്ടെന്നുവച്ചു.



* നിയമസഭയിൽ ധന ഉത്തരവാദിത്ത ബിൽ പാസ്സാക്കി.

**5.** അടിക്കടി ഉണ്ടാകുന്ന പെട്രോൾ വിലവർധനവു നൂലുകൊണ്ടു ജനങ്ങളുടെ കഴുത്തറുക്കുന്നതിനു തുല്യമാണെന്നു ഹൈക്കോടതി നിരീക്ഷിച്ചു.

* മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ജനസമ്പർക്കപരിപാടിക്കു കോഴിക്കോട് ആവേശോജ്ജ്വലമായ തുടക്കം.



**6.** കൊച്ചിയിൽ നടന്ന മത്സരത്തിൽ 15 പേരെ പിന്തള്ളി കർണാടക സ്വദേശിനിയായ ലക്ഷ്മി ആനന്ദ് മിസ് സൗത്ത് ഇന്ത്യ-2011 ആയി തെരഞ്ഞെടുക്കപ്പെട്ടു.

* ബിപിഎൽ, പട്ടികജാതി-പട്ടികവർഗമൊഴിച്ചുള്ള വിഭാഗങ്ങൾക്കു സൗജന്യമായി വൈദ്യുതി കണക്ഷൻ നല്കുന്നതു നിർത്തലാക്കി സംസ്ഥാന വൈദ്യുതി ബോർഡ് ഉത്തരവിറക്കി.

**7.** ശബരിമലയിൽ കരസേന നിർമിച്ച 'ശരണ സേതു' എന്ന ബെയ്‌ലി പാലവും അപ്രോച്ച് റോഡും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു.



* സംസ്ഥാന സർക്കാരിന്റെ പരമോന്നത സാഹിത്യബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരത്തിനായി (ഒന്നര ലക്ഷം രൂപയും പ്രശസ്തി പത്രവും ശില്പവും) എം.ടി. വാസുദേവൻ നായരെ തെരഞ്ഞെടുത്തു.



**8.** പാതയോരത്തു പൊതുയോഗങ്ങൾ നിരോധിച്ച ഹൈക്കോടതി ഉത്തരവിനെയും ന്യായാധിപന്മാരെയും വിമർശിച്ചു 'ശുംഭന്മാർ' എന്നു പ്രയോഗിച്ച സിപിഎം സംസ്ഥാന സമിതിയംഗം എം.വി.ജയരാജനു ഹൈക്കോടതി ഡിവിഷൻ ബഞ്ച് ആറുമാസം തടവും രണ്ടായിരം രൂപ പിഴയും വിധിച്ചതിനെ തുടർന്ന് അദ്ദേഹത്തെ പൂജപ്പുര സെൻട്രൽ ജയിലിൽ പ്രവേശിപ്പിച്ചു.



* പന്തളത്തു നിർമിച്ച മന്നം ആയുർവേദ മെഡിക്കൽ കോളജ് സമുച്ചയം പ്രതിരോധമന്ത്രി എ.കെ.ആന്റണി ഉദ്ഘാടനം ചെയ്തു.

**9.** കേരളാ കോൺഗ്രസ് സ്ഥാപക നേതാവും മുൻ എംഎൽഎയും കേരളാ കോൺഗ്രസ് സംസ്ഥാന കോ-ഓർഡിനേറ്ററുമായ ഈപ്പൻ വർഗീസ് (79) അന്തരിച്ചു.

* പ്രതിപക്ഷ നേതാവിന്റെയും ചീഫ് വിപ്പിന്റെയും ഇരട്ടപ്പദവിക്കു നിയമപരിരക്ഷ നല്കിക്കൊണ്ടുള്ള ഓർഡിനൻസിൽ ഗവർണർ ഒപ്പുവച്ചു.

**10.** പീഡനത്തിനിരയായ കിളിരൂർ പെൺകുട്ടി ശാരിയുടെ മരണത്തിനു കാരണം ലാപ്രോസ്കോപ്പി ശസ്ത്രക്രിയ ചെയ്തപ്പോൾ കുടലിലും ആമാശയത്തിലുമുണ്ടായ രണ്ടു മുറിവുകളായിരുന്നെന്നു ശസ്ത്രക്രിയക്കു ശേഷം ശാരിയെ പരിശോധിച്ച മെഡിക്കൽ കോളജ് ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം മുൻ മേധാവി ഡോ.എ.പി.കുരുവിള വെളിപ്പെടുത്തി.

* കേരള ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസായി മഞ്ജുള ചെല്ലൂർ ചുമതലയേറ്റു.



* അയ്യായിരത്തോളം പ്രതിഭകൾ മാറ്റുരയ്ക്കുന്ന സിബിഎസ്ഇ സംസ്ഥാന സ്കൂൾ കലോത്സവത്തിനു പട്ടാമ്പിയിൽ തുടക്കമായി.






**4.** സത്യം കമ്പ്യൂട്ടേഴ്സ് ക്രമക്കേടിൽ രണ്ടു വർഷവും എട്ടുമാസവുമായി ജയിലിൽ കഴിയുകയായിരുന്ന സ്ഥാപകൻ ബി.രാമലിംഗരാജു, സഹോദരൻ ബി. രാമരാജു, ചീഫ് ഫിനാൻഷ്യൽ ഓഫീസറായിരുന്ന വഡ്‌ലമണി ശ്രീനിവാസ് എന്നിവർക്കു സുപ്രീം കോടതി ജാമ്യം അനുവദിച്ചു.

* എൻഡോസൾഫാന്റെ ഉത്പാദനവും വിതരണവും ഉപയോഗവും രാജ്യത്തു പൂർണമായി നിരോധിക്കണമെന്നു സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സമർപിച്ച സത്യവാങ്മൂലത്തിൽ ആവശ്യപ്പെട്ടു.



**5.** റാഞ്ചിയിൽ നടന്ന ദേശീയ ജൂനിയർ അത്‌ലറ്റിക് മീറ്റിൽ കേരളത്തെ പിന്തള്ളി ഹരിയാന ജേതാക്കളായി.

* പദ്മഭൂഷൺ, പദ്മശ്രീ, ദാദാ സാഹെബ് ഫാൽക്കെ അവാർഡ് തുടങ്ങിയ ഒട്ടനവധി പുരസ്കാരങ്ങൾ നേടിയ സംഗീതജ്ഞൻ ഭൂപൻ ഹസാരിക (85) അന്തരിച്ചു.



**6.** ഒറീസ സംസ്ഥാനത്തെ ഒഡിഷ എന്നും ഒറിയ ഭാഷയെ ഒഡിയ എന്നും പുനർനാമകരണം ചെയ്തുകൊണ്ടുള്ള ബില്ലിനു രാഷ്ട്രപതി അംഗീകാരം നല്കി.

* പെട്രോൾ വിലവർധന പിൻവലിക്കാൻ സമ്മർദം ശക്തമാക്കി തൃണമൂൽ കോൺഗ്രസിലെ കേന്ദ്രമന്ത്രിമാർ രാജിക്കത്തു പാർട്ടി നേതാവു മമതാ ബാനർജിക്കു കൈമാറി.

**7.** ദേശീയപാത 47ൽ ഈറോഡിനു സമീപം സിത്തോട് സമത്വപുരത്തു സ്വകാര്യബസ് ടാങ്കർ ലോറിയിൽ ഇടിച്ച് എട്ടുപേർ വെന്തു മരിച്ചു.

* രാജ്യത്തെ 44 കല്പിത സർവകലാശാലകൾക്ക് ആ പദവിക്കായുള്ള യോഗ്യതയില്ലെന്നു സുപ്രീം കോടതി നിയോഗിച്ച മൂന്നംഗ വിദഗ്ധ സമിതി കണ്ടെത്തി.

**8.** ഹരിദ്വാറിൽ ഗംഗാതീരത്തെ ഹർകി പൗഡിക്കു സമീപം മതചടങ്ങിനെത്തിയ ഭക്തരുടെ തിക്കിലും തിരക്കിലും പെട്ട് 16 പേർ മരിച്ചു.



**9.** ഗുജറാത്ത് കലാപത്തിനിടെ 2002 ഫെബ്രുവരി 28 നു മെഹ്സാന ജില്ലയിലെ സർദാർപുരയിൽ ന്യൂനപക്ഷ സമുദായത്തിൽ പെട്ട 33 പേരെ ജീവനോടെ ചുട്ടുകൊന്ന കേസിൽ 31 പ്രതികൾക്കു പ്രത്യേക കോടതി ജീവപര്യന്തം തടവു ശിക്ഷ വിധിച്ചു .

**10.** അണ്ണാ ഹസ്സാരെയുടെ അഴിമതി വിരുദ്ധ പ്രസ്ഥാനത്തിനു തങ്ങളുടെ പിന്തുണ ഉണ്ടെന്നും എന്നാൽ ഔദ്യോഗിക ബന്ധമില്ലെന്നും ആർ.എസ്.എസ്. മേധാവി മോഹൻ ഭഗവത്.






**4.** വ്യാപാരബന്ധത്തിൽ പാകിസ്ഥാൻ ഇന്ത്യയ്ക്ക് അഭിമത രാഷ്ട്ര പദവി (മോസ്റ്റ് ഫേവ്ഡ് നേഷൻ) നല്കി.

* ഐക്യരാഷ്ട്രസംഘടനയിൽ പൂർണ അംഗത്വത്തിൽ കുറഞ്ഞതൊന്നും തങ്ങൾക്കു സ്വീകാര്യമല്ലെന്നു പലസ്തീൻ.

**5.** കൊളംബിയയിലെ സർക്കാർ വിരുദ്ധ ഗറില്ലാ നേതാവ് അൽഫോൻസാ കാനോയെ (63) സൈന്യം വധിച്ചു.



* ബ്രിട്ടണിലെ സോമർസെറ്റിയുള്ള അതിവേഗ ഹൈവേയായ എം-5ൽ കനത്ത മൂടൽമഞ്ഞുമൂലം പരസ്പരം കാണാനാവാതെ വാഹനങ്ങൾ കൂട്ടിമുട്ടി ഏഴുപേർ കൊല്ലപ്പെട്ടു.

**6.** ലണ്ടനിൽ നടന്ന സൗന്ദര്യ മത്സരത്തിൽ ഈ വർഷത്തെ ലോകസുന്ദരിയായി മിസ് വെനസ്വേല ഇവിയൻ സാർകോസ് (21) തെരഞ്ഞെടുക്കപ്പെട്ടു.



* നൈജീരിയയിൽ ശക്തമായ ശരീയത്തു നിയമം നടപ്പാക്കുവാനായി പോരാടുന്ന തീവ്ര ഇസ്ലാമിക ഗ്രൂപ്പായ ഡൊക്കോ ഹാരം നടത്തിയ ആക്രമണങ്ങളിൽ വടക്കു കിഴക്കൻ നൈജീരിയയിൽ 150 ഓളം പേർ കൊല്ലപ്പെട്ടു.

**7.** വടക്കൻ അഫ്ഗാനിസ്ഥാനിലെ ബംഗ്ലാൻ നഗരത്തിൽ പെരുന്നാൾ പ്രാർത്ഥനയ്ക്കു ശേഷം പള്ളിയിൽ നിന്നു മടങ്ങുകയായിരുന്നവർക്കു നേരെയുണ്ടായ ചാവേർ ആക്രമണത്തിൽ എട്ടുപേർ കൊല്ലപ്പെട്ടു.

* ഗ്വാട്ടിമാല പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ മുൻ പട്ടാള ജനറലും വലതു സ്ഥാനാർത്ഥിയുമായ ഓട്ടോ പെരസ് (61) വിജയിച്ചു.

**8.** ഇതിഹാസ ബോക്സിംഗ് താരവും ലോക ഹെവിവെയ്റ്റ് ചാമ്പ്യനുമായ ജോ ഫ്രേസിയർ (67) അന്തരിച്ചു.



* പോപ് സംഗീതചക്രവർത്തി മൈക്കൽ ജാക്സന്റെ മരണത്തിന് അദ്ദേഹത്തിന്റെ ഡോക്ടറായിരുന്ന കോൺറാഡ് മുറെ കുറ്റക്കാരനാണെന്നു ലോസാഞ്ചൽസ് കോടതി വിധിച്ചു.



**9.** തെക്കുപടിഞ്ഞാറൻ അഫ്ഗാനിസ്ഥാനിൽ പാക് അതിർത്തിയോടടുത്ത ബാർമൽ ജില്ലയിൽ നാറ്റോ സേനാ താവളം ആക്രമിക്കാനെത്തിയ 60 താലിബാൻ തീവ്രവാദികളെ പ്രത്യാക്രമണത്തിൽ സേന വധിച്ചു.

* ചൊവ്വയുടെ ഉപഗ്രഹമായ ഫോബോസിൽ നിന്നും മണ്ണു ശേഖരിക്കുക ലക്ഷ്യമാക്കി റഷ്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രം 16 കോടി ഡോളർ ചെലവഴിച്ചു നടത്തിയ വിക്ഷേപണ ദൗത്യം യന്ത്രത്തകരാറിനെത്തുടർന്നു പരാജയപ്പെട്ടു.

**10.** പാക്കിസ്ഥാൻകാരനായ അജ്മൽ അമിർ കസബ് ഭീകരനാണെന്നും അയാളെ തൂക്കിക്കൊല്ലണമെന്നും പാക് ആഭ്യന്തര മന്ത്രി റഹ്മാൻ മാലിക്.



* 2.3 കോടി ഡോളറിന്റെ സ്വത്ത് അവിഹിതമായി സമ്പാദിച്ച കേസിൽ പിടിയിലായ ലുവോ ഫുഷുൻ ജില്ലയിലെ ലാൻഡ് സബ് ബ്യൂറോ മേധാവി ലുവോ യാപിങ്ങിനെ (50) ചൈനയിൽ തൂക്കിക്കൊന്നു.

* ഏഴുവർഷം ഇസ്രയേൽ പ്രസിഡണ്ടായിരുന്ന മോഷെ കത്സവിന് (65) മാനഭംഗക്കേസിൽ കീഴ്ക്കോടതി വിധിച്ച ഏഴുവർഷം തടവു സുപ്രീം കോടതി ശരിവച്ചു.



*




# സംസാരിക്കുന്ന സംഭവങ്ങൾ

*പ്രൊഫ.എം.ജി.എസ്.നാരായണൻ*

വൈദികരുടെ നിയോഗം സുവിശേഷ പ്രചാരണമാണല്ലോ. വ്യക്തികളുടെ ജീവിതത്തിൽ നേരിട്ടിടപെട്ടും സേവനത്തിലൂടെയും സാഹിത്യസൃഷ്ടിയിലൂടെയും എല്ലാം അതു സാധിക്കാവുന്നതാണ്. സാഹിത്യസൃഷ്ടി അക്കൂട്ടത്തിൽ അതിപ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നു-ക്രിസ്തുദേവന്റെ ജീവിതകഥയടങ്ങുന്ന ബൈബിളിന്റെ നിർമിതി മുതല്ക്കേ അതാരംഭിക്കുന്നു. ആധുനിക ദശയിൽ ഇന്ത്യയിൽ, കേരളത്തിൽ, എത്തിച്ചേർന്ന, ഇവിടത്തെ ഭാഷകളും സമ്പ്രദായങ്ങളും പഠിച്ചു പത്രങ്ങളും ഗ്രന്ഥങ്ങളും രചിച്ച അർണോസ് പാതിരിമാരും ഗുണ്ടർട്ടുമാരും ആ രംഗത്ത് അനശ്വരമായ പാദമുദ്ര പതിപ്പിച്ചവരാണ്.

ആ മഹത്തായ പരമ്പരയിൽ അംഗമാകാൻ പരിശ്രമിക്കുന്നവർ ഇന്നും ധാരാളമുണ്ട്. യൂറോപ്പിൽ നിന്നും എത്തിയവരാണ് ആ കാലത്തു നേതൃത്വം വഹിച്ചതെങ്കിൽ ഇന്ന് ഇന്ത്യാക്കാരും കേരളീയരും ആയ നിരവധി പേർ യൂറോപ്പിൽ പോയി പഠിച്ചു സ്വന്തം നാട്ടിലും യൂറോപ്പിലും അമേരിക്കയിലുമെല്ലാം ക്രൈസ്തവസാഹിത്യ പ്രചാരണം നിർവഹിക്കുന്നു. അക്കൂട്ടത്തിൽ മുന്നോട്ടുവന്നിട്ടുള്ള, പതിനഞ്ചോളം ഗ്രന്ഥങ്ങളും ഇതിനിടെ പ്രസിദ്ധീകരിച്ചിട്ടുള്ള, കൃതഹസ്തനും പ്രശസ്തനുമായ ഒരാളാണു ഫാ.ജോസഫ് നെച്ചിക്കാട്ട്.

വാസ്തവത്തിൽ അദ്ദേഹത്തിന്റെ ഈ പുതിയ സംരംഭത്തിന് ഒരാളുടെയും പരിചയപ്പെടുത്തൽ ആവശ്യമില്ല. ഈ കൃതി വായിച്ചു നോക്കി ഒരു കുറിപ്പെഴുതാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടത്, ഒരു പക്ഷേ അന്യമത സമുദായക്കാരോടുള്ള ഔദാര്യപ്രകാശനം കൂടി ആയിരിക്കാം. ആദ്യമായി അതിനു നന്ദി പറഞ്ഞുകൊള്ളട്ടെ.




**സംസാരിക്കുന്ന സംഭവങ്ങൾ**

**ഫാ.ജോസഫ് നെച്ചിക്കാട്ട്**

പ്രസാ: മീഡിയാ ഹൗസ്, കോഴിക്കോട്-4

*വില : ₹ 220/-*

*ഫോൺ: 9746077500*

ക്രൈസ്തവ സന്ദേശം ഇന്ന് ഇന്ത്യയിൽ ഹൈന്ദവ സംസ്കൃതിയുടെ ഒരവിഭാജ്യഘടകമായിത്തീർന്നിട്ടുണ്ട്. ഭാരതീയ നവോത്ഥാനത്തിന്റെ ശുക്രനക്ഷത്രമായി വാഴ്ത്തപ്പെട്ട രാജാറാം മോഹൻ റോയ് മുതൽ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വരെ ഉള്ള സാമൂഹ്യ പരിഷ്കർത്താക്കളുടെ ജീവിതത്തിൽ അതിന്റെ അനിഷേധ്യമായ സ്വാധീനം പ്രകടമാണ്. കേരളത്തിലെ സാംസ്കാരിക നായകന്മാരിൽ ക്രിസ്തു ചരിത്രമെഴുതിയ കെ.പി.കേശവമേനോൻ മുതൽ ഈയിടെ അന്തരിച്ച കെ.പി.അപ്പൻ വരെ ഉള്ളവർ അതംഗീകരിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മഹാകവി വള്ളത്തോളിന്റെ മഗ്ദലനമറിയം ആ സ്വാധീനത്തിന്റെ മറ്റൊരുദാഹരണമാണ്.

ക്രൈസ്തവമൂല്യങ്ങളുടെ പ്രചാരണത്തിനായി ഫാ.ജോസഫ് നെച്ചിക്കാട്ട് ഈ ഗ്രന്ഥത്തിൽ തിരഞ്ഞെടുത്ത സങ്കേതത്തിനു പുതുമയും ആകർഷകത്വവുമുണ്ട്.

ക്രിസ്തുമത സംബന്ധമായ മിത്തോളജിയിലെന്നപോലെ പാശ്ചാത്യ യവന റോമാദി ചരിത്രങ്ങളിലും ആധുനിക ലോകശ്രദ്ധ നേടിയ വാർത്താ സാഹിത്യത്തിലും ധാരാളം അവഗാഹം നേടിയ ഫാദർ തന്റെ വിപുലമായ ഗ്രന്ഥവിജ്ഞാനം സാധാരണ ജീവിതസന്ദർഭങ്ങളിൽ ചേർത്തുവച്ചു സംഭവങ്ങളെക്കൊണ്ടു സംസാരിപ്പിക്കുകയാണു ചെയ്യുന്നത്.

ചരിത്രത്തിൽ നിന്നും കലയുടെ ലോകത്തു നിന്നും സംഭവങ്ങളെ ഉദ്ധരിച്ചു സാധാരണ വായനക്കാരിൽ കൗതുകമുണർത്താൻ അദ്ദേഹം ശ്രമിക്കുന്നു. തന്റെ ചക്കിൽ നാലും ആറും ആടുമെന്നു തുഞ്ചത്തെഴുത്തച്ഛൻ തെളിയിച്ചതുപോലെ ഏതു വിഷയവും തനിക്കു തന്മയത്വത്തോടെ പ്രതിപാദിക്കാമെന്നു ജോസഫ് അച്ചൻ പ്രകടമാക്കുന്നു.

സാധാരണക്കാരെയും അഭ്യസ്തവിദ്യരെയും ഉയർന്ന മൂല്യങ്ങൾ പരിചയപ്പെടുത്തി ക്രൈസ്തവ സംസ്കൃതിയിലേക്ക് ആകർഷിക്കുവാനും ജാതിമതഭേദമെന്യേ നല്ല ജീവിതത്തിലേക്കു സ്നേഹപൂർവം കൈപിടിച്ചു നടത്തുവാനും ഈ പുസ്തകം ഉപകരിക്കുമെന്ന് എനിക്കു തോന്നുന്നു.

*(അവതാരികയിൽ നിന്ന്)*

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*

# പ്രതിച്ഛായ

## രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

**അഞ്ചാം വയസ്സിലേക്ക്**

**പ്രാദേശിക ദേശീയ രാഷ്ട്രീയ ചലനങ്ങൾ**
**സത്യസന്ധതയോടെയും പ്രതിജ്ഞാബദ്ധതയോടെയും**
**വായനക്കാരിലേക്കെത്തിക്കുന്നു**

**സാംസ്കാരിക കേരളത്തിന്റെ ഉൾത്തുടിപ്പുകൾ**
**ഒപ്പിയെടുക്കുന്ന ലേഖനങ്ങൾ, പഠനങ്ങൾ**

**തെറ്റും തിരുത്തും**
മാടവന ബാലകൃഷ്ണപിള്ള

**വാരവിചാരണ**
**ജെയ്സൺ ജോസ്**

**കണ്ണിനും കണ്ണാടിക്കും**
**എസ്. കൃഷ്ണദാസ്**

**സിപ്പിയന്മാരിലും കുട്ട്യോളും**
**സിപ്പി പള്ളിപ്പുറം**

**ഫ്ളാഷ് ബാക്ക്**
**തേക്കിൻകാട് ജോസഫ്**

**സുദർശനം**
**കിളിരൂർ രാധാകൃഷ്ണൻ**

എന്നീ പംക്തികൾക്കു പുറമെ

**രാഷ്ട്രീയ വാർത്തകൾ**
**ന്യൂസ് ഡയറി**
എന്നിവയും

**വരുത്തുക വായിക്കുക പ്രബുദ്ധരാവുക**
*വാർഷിക വരിസംഖ്യ 300 രൂപ*
*(തപാലിൽ മാത്രം)*

**എല്ലാ ബുധനാഴ്ചയും കോട്ടയത്തു നിന്നു പ്രസിദ്ധീകരിക്കുന്നു**

*പ്രതിച്ഛായ, പാലസ് റോഡ്, കോട്ടയം – 686001*